



ഗവ:ഹയർ സെക്കണ്ടറി സ്ക്കൂൾ ആനക്കര

# KITES OF KNOWLEDGE

## ആമുഖം

നമ്മുടെ സ്കൂളിലെ കുട്ടികളുടെ ഐ.ടി കൂട്ടായ്മ -
ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ
ഡിജിറ്റൽ മാഗസിനാണ് 'kites of  knowledge'.
വിരൽതുമ്പു കൊണ്ടൊരു ലോകം
കുടക്കീഴിലാക്കാൻ കഴിയുന്ന
ഈ കാലത്ത് ഭാവനാസമ്പന്നമായ രചനകളെ
സാങ്കേതിക സഹായത്തോടെ ഒരു ഉൽപന്നമാക്കാൻ കഴിഞ്ഞു
എന്നുള്ളതാണിതിന്റെ പ്രത്യേകത.
ഹൈടെക് ലോകത്ത് KITES OF KNOWLEDGE
എല്ലാവർക്കുമായിസമർപ്പിക്കുന്നു

ജി.എച്ച്.എസ്.എസ് ആനക്കര
ലിറ്റിൽ കൈറ്റ്സ്
ഐ. ടി. ക്ലബ്ബ്
പുറത്തിറക്കുന്ന
KITES OF KNOWLEDGE
എന്ന മാഗസിന്
എല്ലാവിധ ആശംസകളും നേരുന്നു

പി.ടി.എ. പ്രസിഡൻറ്
രവീന്ദ്രകുമാർ.കെ

ജി.എച്ച്.എസ്.എസ് ആനക്കരയിലെ
ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിന്റെ ശ്രമഫലമായി
പുറത്തിറക്കുന്ന KITES OF KNOWLEDGE
എന്ന മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച
എല്ലാ കുട്ടികൾക്കും അധ്യാപകർക്കും ആശംസകൾ നേരുന്നു.
ഭാവിയിലും ഇത്തരത്തിൽ നല്ല പ്രവർത്തനങ്ങൾ പ്രതീക്ഷിക്കുന്നു.

പ്രിൻസിപ്പാൾ
അനിൽകുമാർ. എം.കെ.

ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിന്റെ
Kites of Knowledge എന്ന മാഗസിൻ
തയ്യാറാക്കുന്നതിന് വേണ്ടി പ്രവർത്തിച്ച
അധ്യാപകർക്കും വിദ്യാർത്ഥികൾക്കും
ആശംസകൾ നേരുന്നു.

ഹെഡ്മാസ്റ്റർ
സി.സി.കൃഷ്ണകുമാർ

# ലിറ്റിൽ കൈറ്റ്സ്

## ആകാശത്തോളം വളരുന്ന പട്ടങ്ങൾ

റസിയ. പി.വി., കൈറ്റ് മിസ്ട്രസ്

കേരളത്തിലെ ഹൈടെക് പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ കുട്ടികളുടെ ഐ.ടി.കൂട്ടായ്മയാണ് 'ലിറ്റിൽകൈറ്റ്സ്'.ഇന്റർനെറ്റ് യുഗത്തിൽ 'അറിവ് സ്വയം നിർമിക്കുക' എന്ന വിദ്യാഭ്യാസപ്രക്രിയയിൽ വിവരവിനിമയ സാങ്കേതിക വിദ്യക്ക് വലിയ സ്ഥാനമുണ്ട്.

വിദ്യാലയത്തിൽ നടത്തപ്പെടുന്ന ദൈനംദിന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടത്തിപ്പിലും സാങ്കേതിക സൗകര്യങ്ങളുടെ പ്രയോഗത്തിലും അധ്യാപകരോടൊപ്പംവിദ്യാർഥികളും പങ്കാളികളാകുന്നതിന് ഈ ഐ.ടി. കൂട്ടായ്മ സഹായിക്കുന്നു.പുതിയ തലമുറയിൽ വലിയൊരു വിഭാഗം കുട്ടികളും വിവര വിനിമയ ഉപകരണങ്ങൾ ഉപയോഗിക്കുന്നവരാണെങ്കിലും അവയുടെ സാങ്കേതിക മാർഗ്ഗങ്ങളും ഉപകരണങ്ങളും അവർക്ക് ചിരപരിചിതമല്ല.അവയെപരിചയപ്പെടുത്താനും ഇവ എങ്ങനെയുണ്ടായി, അവയുടെ പ്രവർത്തനമെന്ത് എന്നിവ മനസ്സിലാക്കാനും പുതിയവ സ്വയം നിർമ്മിക്കാനുള്ള കഴിവും താല്പര്യവും കുട്ടികളിലുണ്ടാവാനുള്ള പ്രവർത്തനങ്ങളും ലിറ്റിൽ കൈറ്റ്സിന്റെ ലക്ഷ്യങ്ങളാണ്.

ഭാഷാ കമ്പ്യൂട്ടിങ്ങ്,ഇന്റർനെറ്റ്,മൊബൈൽ ആപ്പുകൾ, സോഫ്റ്റുവെയറുകൾ,ആനിമേഷനുകൾ,ഗെയിമുകൾ തുടങ്ങിയവ എങ്ങനെ പ്രവർത്തിക്കുന്നു,എങ്ങനെ നിർമിക്കുന്നു എന്നിങ്ങനെ ഈ കൂട്ടായ്മയിലൂടെ കുട്ടികൾ പഠിക്കുന്നുണ്ട്. കമ്പ്യൂട്ടർ ഉപകരണങ്ങളുടെ ചെറിയ രീതിയിലുള്ള റിപ്പയർ പരിശീലനവും ഈ കൂട്ടായ്മയിലൂടെ നല്കുന്നു. കൂടാതെ ക്യാമറപരിശീലനം,വാർത്താവതരണം,പ്രോഗ്രാമിങ്, ഷോർട്ട്ഫിലിം നിർമ്മാണം മുതലായ നിർമ്മാണപ്രവർത്തനങ്ങളും ഇതിന്റെ ഭാഗമാണ്.ആധുനിക ലോകത്ത് വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗവും സോഫ്റ്റ് വെയർ ,ഇന്റർനെറ്റ് ഇവ ഉപയോഗിക്കുമ്പോൾ പുതിയ തലമുറ പാലിക്കേണ്ട കടമകളും ആർജിക്കേണ്ടമൂല്യബോധവും,സൈബർകുറ്റകൃത്യങ്ങൾ,അവയുടെ ബോധവൽക്കരണം മുതലായവയും ഈ കൂട്ടായ്മയിലൂടെ പരിശീലിക്കുന്നു

# നിലച്ചുപോയ സമയം

സി.സി.  കൃഷ്ണകുമാർ മാസ്റ്റർ

നിലക്കുന്ന സമയത്തിൽ

ഘടികാരങ്ങൾ

ഏതോ ഓർമയിലലയും

നിലാവ് പുഴയിലെ

ഓളത്തിൽ തന്നെ നിൽക്കും

ചില്ലകൾ വിരിഞ്ഞതും

പൂക്കൾ കൊഴിഞ്ഞതും

കാലത്തിലുറച്ചു പോകും

കഴിഞ്ഞുപോകാൻ

ഒന്നുമില്ലാത്തതിനാൽ

വന്നുചേരാനില്ലാത്തതിൻ

ചിറകടിമാത്രം

# ജീർണ്ണിച്ച തീർന്ന ചെടി

റിൻഷിദ  സി വി , 9 എ

പുലരിയിലേക്ക്  വീഴുന്ന എന്നില-

യിൽ നിലതെറ്റി വീണ മണിമുത്തുകൾ

എന്നിലലിഞ്ഞു ചേർന്നു

എൻ ദാഹം ശമിപ്പിച്ചു.

എൻ ജീവിതത്തിൽ കനിവുകൾ പകരാൻ

മഴ എനിക്കനുഗ്രഹം.

എൻ മൊട്ട് ചിരിച്ചുണരുന്നു

കിളിയുടെ നാദസ്വരത്തിൽ

എൻ ചെടിയിൽ നിന്ന്

തേൻ നുകരുന്ന പൂമ്പാറ്റകൾ

എൻമൊട്ടിൽ അടുത്തുള്ള കൂട്ടുകാർ.

അന്ന് ഞാനോർക്കുന്നു

എൻ മൊട്ട് പ്രകൃതിയുടെ

വരദാനം, എന്നിലേൽപ്പിച്ച സമ്മാനം.

ഇന്ന് ഞാൻ സൂര്യന്റെ

കിരണങ്ങളിൽ വെന്തെരിഞ്ഞ്

അതിന്റെ പകയിൽ

ജീർണിച്ചു തീർന്നു.

ഇന്ന് എൻ മടിത്തട്ടിൽ നിന്ന്

പൊഴിഞ്ഞു വീണ പുഷ്പമെൻ

ജീവിതത്തെ കടലാക്കിമാറ്റി

എൻ മനസ്സിൽ മുറവേൽപ്പിച്ചു.

# സെമിനാർ

## വിപിൻ കൃഷ്ണ

രണ്ടുമത്സ്യങ്ങൾ,ധ്രുവചരിതം,തേൻകനി എന്നീ പാഠങ്ങൾ സമകാലിക സാമൂഹിക ജീവിതത്തിന്റെ പ്രതിഫലനങ്ങളാണ് എന്ന് നിങ്ങൾ കരുതുന്നുണ്ടോ? സ്വന്തം കാഴ്ച്ചപ്പാട് അവതരിപ്പിച്ചുകൊണ്ട് സെമിനാർ സംഘടിപ്പിക്കുക .

# ആമുഖം

ലോകം ഇന്ന്ഏറ്റവുംകൂടുതൽ സംസാരിക്കുന്നവിഷയമാണ് പരിസ്ഥിതിപ്രശ്നം.നിരന്തരമായിചൂഷണം ചെയ്യുന്ന മനുഷ്യർ ആപത്തിലേക്ക് നീങ്ങുന്നു. രണ്ടുമത്സ്യങ്ങൾ, ധ്രുവചരിതം,തേൻകനി എന്നീ പാഠങ്ങൾ നമ്മോട് പങ്കുവക്കുന്നത് ഇതുതന്നെയാണ്. മനുഷ്യന്റെ ആർത്തിയും സ്വാർത്ഥതയുമാണ് പ്രകൃതിയെ നാശത്തിലേക്ക് നയിക്കുന്നത്. ഇന്ന്പലയിടത്തുനിന്നും കുന്നും പുഴകളും വയലുകളും എങ്ങോ മറയുന്നു.അതിനു കാരണം മനുഷ്യൻതന്നെയാണ് നമ്മുടെ ഇന്നത്തെ സമൂഹത്തെയും മനുഷ്യൻറെ നീചപ്രവൃത്തിയെയും തുറന്നുകാണിക്കുന്ന ഒരു സെമിനാറാണ്ഇത്.അംബികാസുതൻ മാങ്ങാടിന്റെ രണ്ടുമത്സ്യങ്ങൾ,കുഞ്ചൻനമ്പ്യാരുടെധ്രുവചരിതം,വയലാ വാസുദേവൻ പിള്ളയുടെ തേൻകനി എന്നീ രചനകൾ കാലികപ്രസക്തിയുള്ള ഇതിവൃത്തം കൈകാര്യം ചെയ്യുന്നതിലൂടെ സമകാലിക സാമൂഹിക ജീവിതം പ്രതിഫലിപ്പിക്കുകയാണ്. പരിസ്ഥിതിപ്രശ്നങ്ങളുടെ യഥാർത്ഥചിത്രമാണ് രണ്ടു മത്സ്യങ്ങൾ എന്ന കഥയിൽ പരാമർശിച്ചിരിക്കുന്നത്.പരിസ്ഥിതി മലിനീകരണവും പരിസ്ഥിതിനാശവും മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളെ ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുന്നു.മനുഷ്യന്റെ തീരാത്ത പണത്തോടുള്ള ആർത്തിയെ ശക്തമായി വിമർശിക്കുകയാണ് 'കിട്ടും പണമെങ്കിലിപ്പോൾ' എന്ന കവിതാഭാഗത്ത് കുഞ്ചൻ നമ്പ്യാർ.പണമുണ്ടാക്കാൻ മനുഷ്യൻ ഇപ്പോൾ എന്ത് ചതിയും ചെയ്യുന്നു.പണത്തിനായി ആരെയും കൊല്ലുന്നു. ഇപ്പോൾ എല്ലാവരിലും സ്വാർത്ഥതയാണുള്ളത്. ഈയൊരു വർത്തമാനചിത്രമാണ് കുഞ്ചൻ നമ്പാർ വരച്ചിടുന്നത്. രണ്ടുമത്സ്യങ്ങൾ എന്ന പാഠഭാഗത്ത് മനുഷ്യൻ പ്രകൃതിയോടുകാണിക്കുന്ന ക്രൂരതകളെക്കുറിച്ച് വിവരിക്കുന്നു.രണ്ടു മത്സ്യങ്ങൾഎന്ന പാഠഭാഗത്ത് മനുഷ്യൻ കാരണം മീനുകൾക്ക്യുമില്ലെന്ന് തേൻകനിയെന്ന നാടകം നമ്മോടു പറയുന്നു. അധ്വാനിക്കുന്നവന്റെ വിയർപ്പിനാണ് വിലയുള്ളത്. അധ്വാനിച്ചാൽ മാത്രമേ ലക്ഷ്യം നിറവേറ്റാൻ സാധിക്കു.

# ഒരു ഗ്രാമത്തിലെ പാവം പെൺകുട്ടി

ആയിഷ സന,8 എ

ഒരു ഗ്രാമത്തിൽ ഒരു പാവപ്പെട്ട മരംവെട്ടുകാരൻ ഉണ്ടായിരുന്നു.അദ്ദേഹത്തിന് ഒരു മകളുണ്ടായിരുന്നു. അവളുടെ അമ്മ അവളുടെ ചെറുപ്പത്തിൽ തന്നെ മരിച്ചു. മകളുടെ പേരു അമ്മു എന്നാണ്.അവൾ ഒരു സത്യസന്ധയായിരുന്നു.എല്ലാ കുട്ടികളുംസ്കൂളിൽ പോകുമ്പോൾ അവൾ മാത്രം അവളുടെ അച്ഛനെ സഹായിച്ച് വീട്ടിൽ നിൽക്കും.ഒരു ദിവസം അമ്മുവും അവളുടെ അച്ഛനും കൂടെ കാട്ടിലേക്ക് മരംവെട്ടാൻ പോയി.കാട്ടിൽ അവൾ അച്ഛനെ സഹായിച്ചു കൊണ്ടിരിക്കെ കുറേ കള്ളൻമാർ അവളുടെ അച്ഛനെ തട്ടിക്കൊണ്ടുപോയി.ദയവായ് എന്റെ അച്ഛനെ വിട്ടു, എന്നെ കൊണ്ടുപോകൂ എന്ന് അവൾ കരഞ്ഞ് പറഞ്ഞു.എന്നാൽ അവർ അവളെ തള്ളിയിട്ട് അവളുടെ അച്ഛനെ പിടിച്ചു കൊണ്ടുപോയി.അച്ഛനെ പിടിച്ച് കൊണ്ടുപോകുമ്പോൾ അച്ഛൻ അവളോട് കരഞ്ഞു പറഞ്ഞു,മോളേ നീ ഇവിടെ നിന്ന് രക്ഷപ്പെടൂ ഇവർ നിന്നെ കൊല്ലും അങ്ങനെ അവൾ ആ കാട്ടിൽ ഒറ്റയ്ക്കായി.അവൾ ആ കാട്ടിൽ നിന്നും രക്ഷപ്പെട്ട് പട്ടണത്തിലെത്തി.അവൾക്ക് വിശക്കുന്നുണ്ടായിരുന്നു.അവൾ ഭക്ഷണത്തിനായിയാചിക്കാൻ തുടങ്ങി.ഇതു കണ്ട് ഒരു അപ്പൂപ്പൻ അവളെ നോക്കി.അപ്പൂപ്പൻ പറഞ്ഞു, പാവം പെൺകുട്ടി ആരുമില്ലെന്ന് തോന്നുന്നു.അദ്ദേഹം അമ്മുവിന് വയറു നിറച്ച് ഭക്ഷണം കൊടുത്തു.അദ്ദേഹം ചോദിച്ചുഎന്താ മോളെ പേര്?എന്റെ പേര് അമ്മു. നീയെങ്ങനാ ഇവിടെ എത്തിയത്?അപ്പോൾ അവൾ പറഞ്ഞു ഞാൻ ഒരു കാട്ടിൽനിന്നുവന്നു പെട്ടതാ. കാട്ടിലോ........ ? അതേ എന്റെ അച്ഛനും ഞാനും കാട്ടിൽ ജോലി ചെയ്യുമ്പോൾ എന്റെ അച്ഛനെ കുറേ കള്ളൻമാർ തട്ടിക്കൊണ്ടുപോയി.അപ്പോൾ ഞാൻ അവിടെ നിന്നും ഓടി രക്ഷപ്പെട്ടതാ. അപ്പൂപ്പൻ പറഞ്ഞു ഇനി നീയെന്റെ മകളായി ജീവിച്ചോ നിനക്ക് കൂട്ടിന് അമ്മൂമ്മയുമുണ്ടാകും. നിന്റെ അച്ഛൻ എവിടെയാണെന്ന് നമുക്ക് നോക്കാം. അങ്ങനെ അപ്പൂപ്പൻ  അമ്മുവിനെ അപ്പൂപ്പൻറെ വീട്ടിലേക്ക്കൊണ്ടുപോയിഅവിടുത്തെ അമ്മൂമ്മക്ക് അവളെ വളരെയിഷ്ടമായിരുന്നു.അവർ അവളെ നല്ല സ്കൂളിൽ പഠിപ്പിച്ചു.അവൾ പഠിക്കാൻമിടുക്കിആയിരുന്നു.അങ്ങനെ അവൾ പഠിച്ച് ഒരു പോലീസ് ഓഫീസറായി മാറി.അവളുടെ ആഗ്രഹം ഒരു പോലീസ് ഓഫീസറായി തന്റെ അച്ഛനെ കണ്ടു പിടിക്കുകയായിരുന്നു.അമ്മൂമ്മക്കും അപ്പൂപ്പനും സന്തോഷമായി.ഒരു ദിവസം അവൾ ചന്തക്കു പോയി.അപ്പോൾ അവിടെ ഒരാൾ കരഞ്ഞുകൊണ്ട് എല്ലാവരോടും ചോദിക്കുന്നുണ്ടായിരുന്നു എന്റെ മകളെ കണ്ടോയെന്ന്.എന്റെ മകളുടെ പേര് അമ്മു എന്നാണ്.കുറേ വർഷങ്ങൾക്ക് മുൻപ് കാണാതായതാ അദ്ദേഹം പുലമ്പിക്കൊണ്ടിരുന്നു. ഇതു കണ്ട അമ്മുവിന്റെ കണ്ണ് നിറഞ്ഞു. അമ്മു ഓടിച്ചെന്ന് തന്റെ അച്ഛനെ കെട്ടിപ്പിടിച്ചു. നിനക്കും എന്റെ

മകളുടെ അതേ മുഖമാണല്ലോ,നീയാരാ അച്ഛൻ അവളോട് ചോദിച്ചു . ഇത് ഞാനാ അച്ഛാ അച്ഛന്റെ അമ്മു.ഞാൻ ഇപ്പോൾ ഒരു പോലീസ് ഓഫീസറാണ്.അച്ഛന്റെ കണ്ണ് നിറഞ്ഞു.തന്റെ മകളെ തിരിച്ചു കിട്ടിയതിലും ഒരുപോലീസ്ഓഫീസറായതിലും അവർ സന്തോഷത്തോടെ അമ്മൂമ്മയുടേയും അപ്പൂപ്പന്റേയും കൂടെ വീട്ടിലേക്ക് മടങ്ങി.അവർ സന്തോഷത്തോടെ കഴിഞ്ഞു.

# പ്രളയം

അബ്ജ കല്ല്യാണി, 9 എ

കറുത്ത മേഘം
പൊട്ടിപ്പിളർന്നു വീണു
വറ്റിവരണ്ട പുഴ
കണ്ണുരുട്ടിപാഞ്ഞു
വഴിയിൽ കണ്ടതെല്ലാം
പുഴ നക്കിത്തുടച്ചെടുത്തു
പള്ളിയും അമ്പലവും
പുഴയിലൊന്നായി
ജാതിയും മതഭേദവും
വെള്ളത്തിലില്ലാതായി
കുടിനീരിനായി കരഞ്ഞ കിണർ
വയറു നിറഞ്ഞ് വിതുമ്പി
മഴപ്പാട്ടു പാടിയ തവള
മഴയിൽ തണുത്തു വിറച്ചു
മുങ്ങിയ വീടിന്റെ ടെറസിൽ
നിന്നും ഒറ്റപ്പെട്ട നായയുടെ ഓരി
നടന്മാരുടെ അമ്മക്ക പോലും
ഉരുളി തന്നെ ലംബോർഗിനി
തോണിയിൽ നിന്നും നീണ്ട കൈകൾ
കറുപ്പോ? വെളുപ്പോ?
നോക്കാൻ നേരം കിട്ടാതെ
രക്ഷ തേടി കേരളം.

# ജിനശലഭങ്ങളുടെ വീട് (പുസ്തകപരിചയം)

ബിന്ദു .പി, മലയാളം അധ്യാപിക

പ്രശസ്ത സാഹിത്യകാരനും യാത്രികനുമായ പി.സുരേന്ദ്രന്റെവളരെ ശ്രദ്ധേയമായ നോവലാണ് ജിനശലഭങ്ങളുടെ വീട്.ജൈവം,മായാപുരാണം എന്നീ പരിസ്ഥിതി നോവലുകളുടെ ഒരു തുടർച്ച തന്നെയാണ് ജിനശലഭങ്ങളുടെ വീട്. പരിസ്ഥിതി സൗഹൃദാന്തരീക്ഷത്തിന്റെ ആവശ്യകത ഏറ്റവും ശക്തമായി ആവിഷ്കരിക്കുന്ന നോവലാണ് ജിനശലഭങ്ങളുടെ വീട്. അതിന്പുറമേ ദാരിദ്ര്യം, പാർശ്വവൽക്കരണം,അനാഥത്വം,നഗരവൽക്കരണം തുടങ്ങിയ സമകാലിക പ്രശ്നങ്ങളും നോവലിൽ കടന്നു വരുന്നുണ്ട്.ധനലക്ഷ്മിയും രാമാനുജനുമാണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ.വളരെക്കുറച്ച് കഥാപാത്രങ്ങൾ മാത്രമേ ഇതിലുള്ളൂ.നോവലിൽ ആദ്യാവസാനം വരുന്ന ധനലക്ഷ്മിയുംരാമാനുജനുംഫെയ്സ്ബുക്കിലൂടെ യാണ് പരിചയപ്പെടുന്നത്. സൗഹൃദം വളർന്ന് പ്രണയമായിത്തീരുന്നു. അലി അബ്ബാസിന്റെ ഖുബ്ബൂസ് എന്ന ഭക്ഷണശാലയിൽ വെച്ച് രാമാനുജനും ധനലക്ഷ്മിയും നടത്തുന്ന സംഭാഷണത്തിലൂടെയാണ് നോവൽ ആരംഭിക്കുന്നത്. നഗരത്തിനു പുറത്ത് പച്ചപ്പിന്റെ തുരുത്തിലൊരു വീട് ഇതാണ് ധനലക്ഷ്മിയുടെ ആഗ്രഹം.തുടർച്ചയായുള്ള ആവശ്യവും.അതിനു വേണ്ടിയുള്ള അലച്ചിലിലാണ് പ്രകൃതിക്ക് നാംഎത്രമാത്രം പരിക്കുകളാണ് ഏല്പിച്ചിട്ടുള്ളത് എന്നവർ മനസ്സിലാക്കുന്നത്.വ്യത്യസ്ത സാഹചര്യങ്ങളിൽ രണ്ടുപേരും അനാഥരാണ്. രാമാനുജൻവളർന്നതു തന്നെ സന്യാസാശ്രമത്തിലാണ്.അനാഥത്വംപലപ്പോഴും രാമാനുജനെവിഷാദത്തിലാഴ്ത്താറുണ്ട്. എന്നാൽ ധനലക്ഷ്മിക്കാവട്ടെ വീടിനെക്കുറിച്ച് വ്യക്തമായ ഓർമ്മയുണ്ട്. അച്ഛനമ്മമാരുടെ അപ്രതീക്ഷിതമായ മരണമാണ് ധനലക്ഷ്മിയെ അനാഥത്വത്തിലേക്ക് തള്ളിവിട്ടത്.

വീടിനെക്കുറിച്ച് പലർക്കുംപല സങ്കല്പങ്ങളാണുള്ളത്. ചായം തേച്ച ചുമരുകളും കോൺക്രീറ്റ് മേൽക്കൂരകളുമുള്ള കെട്ടിടവുംമാത്രമല്ലവീട്.സുരക്ഷയും,സമാധാനവും,ആനന്ദവും പകരുന്ന ഒരിടമാണ് വീട്.വീടിനെക്കുറിച്ച് ഒരുപാട് സങ്കൽപ്പങ്ങളുണ്ട് ധനലക്ഷ്മിക്ക്. “വീടുണ്ടായാൽ വീടിനെ ചുറ്റി ജീവിതം താനേ ഉണ്ടായിക്കൊള്ളും.”ഒരു പക്ഷേ നമ്മൾ കൃഷിക്കാരായി ജീവിക്കും.ആളുകൾ കമ്പ്യൂട്ടറിനു മുന്നിൽ നിന്ന് വയലിലേക്കിറങ്ങുന്ന ദിനം വരുമെന്ന് ധനലക്ഷ്മി. വെയിൽ മഴവില്ല് പോലെഅകത്തേക്ക് വരുന്ന സ്ഫടിക ജനലുകളും,നിലാവ് മാത്രമല്ല,ചന്ദ്രനെ മുഴുവനായി കാണാൻ കഴിയുന്ന,നക്ഷത്രങ്ങളും,മഴയെയും,കാണാൻ കഴിയുന്ന,തേൻകിളികളും,പാപ്പാത്തികളും പറന്നു വരുന്ന ഒരിടമായിരിക്കണം തങ്ങളുടെ വീടെന്ന് ധനലക്ഷ്മി ആഗ്രഹിക്കുന്നു.അംഗുലപുഴുക്കൾക്ക് അളക്കാൻ

കഴിയാത്ത പാട്ടുപോലെയാവണം തന്റെ വീടെന്ന് ധനലക്ഷ്മി രാമാനുജനോട് പറയും.ധനലക്ഷ്മിയുടെ ആഗ്രഹങ്ങളോട് പൊരുത്തപ്പെടാൻ രാമാനുജന് എപ്പോഴും കഴിയുമായിരുന്നു.റിയൽ എസ്റ്റേറ്റ് ഗ്രൂപ്പുകളുടെ പരസ്യത്തിൽ ആകൃഷ്ടരായി സ്ഥലം കാണാൻ പോകുന്നു.താമരപൊയ്കയും, കൊറ്റികളും,പറവകളും ഉണ്ടെന്ന് പരസ്യത്തിൽ പറഞ്ഞിരുന്ന സ്ഥാനത്ത് മലിനജലം ഒഴുകുന്ന വെള്ളക്കെട്ടാണ് കാണാൻ കഴിഞ്ഞത്.

കൂട്ടുകാരൻ ഭൂപേഷ് പറഞ്ഞതനുസരിച്ച് നീലമലയുടെ താഴ്വരയിൽ വീടിനൊരിടംതേടി പോകുന്നു. പ്രതീക്ഷിച്ചതു പോലെയായിരുന്നില്ല യാത്രയും നീലമലയും. ഉഷ്ണത്തിന്റെയും വരൾച്ചയുടെയും അടയാളങ്ങളാണ് എങ്ങും. രൂക്ഷമായപൊടിക്കാറ്റും. അവരുടെ പ്രതീക്ഷകളെങ്ങും തകർന്ന തരിപ്പണമായി. അവിടെ വെച്ചാണ് കപിലനെ കണ്ടുമുട്ടുന്നത്. കരുണമൂർത്തിയുടെ ആശ്രമത്തിലെ മുരുകൻ എന്ന ബാലന് ദിവ്യൗഷധം തേടിയുള്ള യാത്രയായിരുന്ന കപിലന്റേത്. വനമേഖലയെ തകർക്കുന്നതിനെ എതിർത്ത റിപ്പോർട്ടിനെ പ്രതിഷേധിച്ച കൊണ്ട് കന്യാസ്ത്രീകളുടെയും അച്ഛന്മാരുടെയും ജാഥയെ എതിർത്ത കപിലനെ അവർ ആക്രമിക്കുന്നു. കരുണമൂർത്തിയുടെ വാക്കുകൾ കപിലൻ ഓർത്തു പറയുന്നു. എനിക്ക് ക്രിസ്തുവിലും, ബൈബിളിലും, മാത്രമാണ് വിശ്വാസം. അല്ലാതെ സഭകളിലല്ല. കപിലനോടൊത്ത് ദിവ്യൗഷധം  തേടിയുള്ള യാത്രയിൽ ധനലക്ഷ്മിയും രാമാനുജനും കൂടുന്നു. പക്ഷേ ഇവിടെയും അവർ പ്രതീക്ഷിച്ചതൊന്നും കാണാൻ കഴിഞ്ഞില്ല.

വീടുതേടിയുള്ള യാത്രയിൽ പ്രതീക്ഷകളെല്ലാം അസ്തമിച്ച ധനലക്ഷ്മി വിഷാദവതിയാകുന്നു. പിന്നീട് ഫേയ്സ്ബുക്കിൽ കണ്ട ശക്തിവേൽ കരുണാനിധിയുടെ പോസ്റ്റുകൾ ധനലക്ഷ്മിയുടെ പ്രതീക്ഷകൾക്ക് രൂപം കൊടുക്കുന്നു. പ്ലംചെടികളെയും, പോപ്പിചെടികളെയും,പുഴക്കളെയും, പാമ്പുകളെയും, മിന്നാമിനുങ്ങുകളെയും കുറിച്ചുള്ള മോഹിപ്പിക്കുന്ന കുറിപ്പുകൾ ധനലക്ഷ്മിയെ ആകർഷിക്കുന്നു. ജിനശലഭങ്ങളെക്കുറിച്ചുള്ള പോസ്റ്റ് വായിച്ചതോടെ ഇനിയും ശ്രാവണപുത്തൂരിലേക്ക് പോകാതെ വയ്യ എന്നായി.ശ്രാവണപുത്തൂരിലെത്തിയ രാമാനുജനും ധനലക്ഷ്മിയും വീണ്ടും നിരാശയിലായി.പ്രതീക്ഷിച്ചതൊന്നും കാണാൻ അവർക്ക് സാധിച്ചില്ല.അവിടെ കണ്ട മാരിയമ്മ എന്ന മുത്തശ്ശി അവരെ വീട്ടിലേക്ക് ക്ഷണിക്കുകയും പിറ്റേ ദിവസം ശക്തിവേൽ കരുണാനിധിയെ കാണാമെന്നും പറയുന്നു. ഇത് കേട്ട ധനം കുറച്ച് ആശ്വസിക്കുന്നു. എന്നാൽ പിന്നീട് സംസാരത്തിനിടയിൽ ശക്തിവേൽ അവിടെയുള്ള ക്ഷേത്രത്തിലെ പ്രതിഷ്ഠയാണെന്ന സത്യം അവർ തിരിച്ചറിയുന്നു. വീട് തേടിയുള്ള അവരുടെയാത്ര വീണ്ടും നീളുന്നു. ഒരു ആദ്ധ്യാത്മിക തലത്തിലാണ് നോവൽ അവസാനിക്കുന്നത്.

# അപ്പുവും നായക്കുട്ടിയും

കൃഷ്ണേന്ദു. യു.കെ.

ഒരു വീട്ടിൽ അച്ഛനും അമ്മയും കുട്ടിയും ഉണ്ടായിരുന്നു.കുട്ടിയുടെ പേര് അപ്പു എന്നാണ്.ഒരു ദിവസം അപ്പുവും കൂട്ടുകാരും സ്കൂൾ ഇല്ലാത്ത ദിവസം കളിക്കാൻ പോയി.കളിക്കുന്നതിനിടയിൽ അവൻ നായക്കുട്ടിയെ എടുത്ത് വീട്ടിലേക്ക് പോയി. നായക്കുട്ടിക്ക് ഭക്ഷണം കൊടുത്തു. പിറ്റേ ദിവസം നായക്കുട്ടിയെ കാണാനില്ല. അവന് വിഷമം തോന്നി. കുറേ സമയം കഴിഞ്ഞപ്പോൾ അതാ നായക്കുട്ടി ഇരിക്കുന്നു.അവൻ ഓടിച്ചെന്ന് നായക്കുട്ടിയെ ഉമ്മവെച്ചു.

# എന്റെ യാത്രാവിവരണം

## വിപിൻ കൃഷ്ണ. ടി.പി, 9 എഫ്

ഞാനും എന്റെ കുടുംബവും കൂടി ഈ അടുത്താണ് മൈസൂരിലേക്ക് പോയത്. മൈസൂരിലേക്ക് ഞങ്ങൾ വയനാട് ചുരം വഴിയാണ് പോയത്. വയനാട് ചുരം കയറുന്നതിന്റെ തൊട്ടു മുമ്പ് ഞാൻ കണ്ട കാഴ്ച്ച എന്റെ ഓർമകളിൽ എന്നും നിലനിൽക്കുന്നതിൽ ഒന്നാണ്. ആകാശം മുട്ടിനിൽക്കുന്ന മലയുടെ മുകളിൽ മഞ്ഞ് വന്ന് മൂടി മലയെ മറച്ചുവെക്കുന്നു. അതുകണ്ട് ഞാൻ അമ്പരന്നുപോയ്. പിന്നീട് ഞങ്ങൾ ചുരം കയറി മലയുടെ മുകളിലെത്തി.അവിടെ നിന്ന് താഴേക്ക് നോക്കുമ്പോൾ വീടുകളെല്ലാം കൂണുകൾ പോലെ ആണ് തോന്നിയത്. പിന്നീട് ഞങ്ങൾ മൈസൂരിലേക്കുള്ള യാത്ര തുടങ്ങി. അങ്ങനെ രാത്രിയായി. ചുറ്റിലും കാട് ,അതിന്റെ നടുവിലൂടെയാണ് ഞങ്ങളുടെ വണ്ടി നീങ്ങുന്നത്. അപ്പോഴാണ് ഒരു ആനക്കുട്ടിയെ ഞങ്ങൾറോഡിനരികിലായി കണ്ടത്. അത് ഞങ്ങളെ വളരെയധികം പേടിയിലാഴ്ത്തുകയുണ്ടായി. പിന്നീട് ഞങ്ങൾ കുടകിലെത്തി.അവിടെ അന്ന് ഹോട്ടലിൽ താമസിച്ച് പിറ്റേദിവസം ഞങ്ങൾകുടക് ചുറ്റിക്കണ്ടു. പിന്നീട് വൈകുന്നേരം ഞങ്ങൾ മൈസൂരിലേക്ക്പു റപ്പെട്ടു. അവിടെ ബൃന്ദാവൻ ഗാർഡനിൽ ഞങ്ങൾ വൈകുന്നേരം മുഴുവൻ ചുറ്റിക്കണ്ട ശേഷം രാത്രി ഹോട്ടലിൽ താമസിച്ച് പിറ്റേദിവസം മൈസൂർസൂവും,അതിനു ശേഷം ചാമുണ്ഡേശ്വരിയിലെ അമ്പലവും,മൈസൂർ കൊട്ടാരത്തിലേക്കും പോയി.അങ്ങനെ മൈസൂർ മുഴുവൻചുറ്റിക്കണ്ട് വൈകുന്നേരം ഞങ്ങൾ നാട്ടിലേക്ക് തിരിച്ചു.

# ഹിരോഷിമ ദിനം ആഗസ്റ്റ് 6

**വിജയകുമാർ.ആർ**

ഹിരോഷിമ ദിനം ലോകജനതക്ക് മറക്കാനാവാത്ത ഒരു ദുരന്ത ഓർമ്മയായി നിൽക്കുന്നു.ജപ്പാനിലെ പട്ടണമായ ഹിരോഷിമയിൽ 1945 ആഗസ്റ്റ്-6 ന് ആദ്യത്തെ അണുബോംബ് പതിച്ചു.മൂന്ന് ദിവസത്തിന് ശേഷം 9-ാം തീയതി നാഗസാക്കി നഗരവും ദുരന്തഭൂമിയായി. മരിച്ചവരുടെ ഓർമ്മക്കായും അണുബോംബ് വിതച്ച നാശത്തെ അനുസ്മരിക്കാൻ വേണ്ടിയും ലോകമെമ്പാടും ഹിരോഷിമാ ദിനം ആഗസ്റ്റ് 6-ന് ആചരിക്കുന്നു.ഹിരോഷിമയിൽ 1,40,000-ൽ അധികം ആളുകളും നാഗസാക്കിയിൽ 80,000 ആളുകളും മരിച്ചതായാണ് കണക്ക്. ശരീരത്തിൽ മുറിവേറ്റും വികിരണമേറ്റും തുടർന്ന് ആയിരക്കണക്കിന് ആളുകൾ മരിക്കുകയുണ്ടായി.അണുപ്രസരമേറ്റും നിത്യരോഗികളുമായി എത്രയോ ഹതഭാഗ്യർ.ജനിക്കുന്ന കുഞ്ഞുങ്ങൾ പോലും വികലാംഗരും നിത്യരോഗികളും.ലോകജനതയെ ഞെട്ടിച്ച ആദ്യത്തെ അണുബോംബ് ആക്രമണമാണിത്.

2-ാം ലോകയുദ്ധത്തിൽ മനസ്സിനെ മരവിപ്പിച്ച ഏറ്റവും വലിയ ദുരന്തമായിരുന്നു ഹിരോഷിമയും നാഗസാക്കിയും ഏറ്റുവാങ്ങിയത്.ഹിരോഷിമയിൽ ബോംബ് വീണിട്ട് ഏഴ് ദശകങ്ങൾ പിന്നിട്ടിരിക്കുന്നു.ആ ഭീകരതയുടെ നടുക്കുന്ന ഓർമ്മകൾ ഇന്നും ജനതയുടെ മനസ്സിൽ ഉണങ്ങാത്ത മുറിവായി കിടക്കുന്നു. ക്രൂരതയുടെയും അധികാരദുഷ്ട ലാക്കിന്റെയും ഭീകരമുഖം. സമ്പത്ത് കുന്നുകൂട്ടിക്കൊണ്ടിരിക്കുന്ന രാഷ്ട്രങ്ങൾ അധികാരക്കുത്തക നിലനിർത്തുന്നതിനുള്ള തീവ്രശ്രമത്തിലാണ്.ദരിദ്ര രാഷ്ട്രങ്ങളിലെ ജനങ്ങൾ ഭക്ഷണം,കുടിവെള്ളം,പാർപ്പിടം,വസ്ത്രം എന്നീഅടിസ്ഥാന ആവശ്യങ്ങൾക്ക് വേണ്ടി ജീവൻ മരണ പോരാട്ടം നടത്തുന്നു.അപ്പോൾ ഒരു യുദ്ധം കൂടി അവരുടെ മേൽ അടിച്ചേൽപ്പിച്ചാൽ ജീവിതം പരമദയനീയമാവും. ദരിദ്രരാഷ്ട്രങ്ങൾ തകർന്നുപോകും.

ഇനിയൊരു യുദ്ധം നമുക്കുവേണ്ട ..........

സാമ്രാജ്യത്വ ചൂഷണങ്ങൾക്കെതിരെ വികസ്വര ദരിദ്രരാജ്യങ്ങൾ ഒരുമിച്ച് നിൽക്കണം.ആയുധവൽക്കരണം തടയുക,അതിന് വേണ്ടി ഒരുമിച്ച് ശബ്ദമുയർത്തുക, ആയുധങ്ങൾക്കും ആണവശക്തിക്കും വേണ്ടി ചെലവഴിക്കുന്ന പണം പാവപ്പെട്ട ജനങ്ങളെ സഹായിക്കാനായി ഉപയോഗിക്കുക.അഹിംസ ലോക സമാധാനാത്തിനുള്ള പോംവഴി.

ഹിരോഷിമാ നഗരത്തിൽ യുദ്ധത്തിൽ  മരിച്ചവരുടെ സ്മരണക്കായി പണിതുയർത്തിയ സ്മാരക കവാടത്തിൽ കൊത്തിവച്ചത് ഇങ്ങനെയായിരുന്നു:

" സമാധാനത്തിനായി വിശ്രമിക്കൂ, ഇനിയെങ്കിലും തെറ്റ് ആവർത്തിക്കാതിരിക്കട്ടെ...."

# കിളിയോട്...

ദേവനന്ദ.എം.കെ, 9 എഫ്.

പൂമരക്കൊമ്പിൽ വന്നൊറ്റക്ക് പാടുന്ന
പൂവൊത്ത ചിറകുള്ള കിളിയേ
പാടവരമ്പിൽ നിന്നെത്തി നോക്കി നീ
യെന്തിത്ര നേരത്തെ വന്നൂ
കൊയ്ത്തു കഴിഞ്ഞുവോ ,തീറ്റ കഴിഞ്ഞുവോ
കുഞ്ഞുങ്ങൾക്കുത്സഹമായോ
വിദ്യാലയത്തിലെ ക്ലാസു കഴിഞ്ഞുവല്ലോ
ഇനിയെന്നു കാണും കിളിയേ
അധ്യയനത്തിന്റെ ഓർമ്മകൾ പൂക്കുന്ന
ഈ മരച്ചോട്ടിലേക്കെന്നും
ഞാനെത്തി നോക്കും കളകളം പാടുന്ന
നിന്നെത്തിരഞ്ഞുകൊണ്ടന്നും
ഇന്നു ഞാൻ പോകട്ടെ ഭാവികാലത്തിന്റെ
അക്ഷര വിത്തുകൾ തേടി
പാട്ടുകൾ പാടുന്ന നിന്നെ കുറിച്ചുള്ള
ഓർമ്മകൾ കൂടെയുണ്ടെന്നും

# ഒരു പ്രേമകാവ്യം

## സി.സി.കൃഷ്ണകുമാർ മാസ്റ്റർ

ഉദയത്തെക്കുറിച്ചും
അസ്തമയത്തെക്കുറിച്ചും
പറയുമ്പോൾ അതിൽ നീയുണ്ട്
കാറ്റിനെക്കുറിച്ചും
കടലിനെക്കുറിച്ചും
പറയുമ്പോൾ അതിൽ നീയുണ്ട്
മഴ,വേനൽ
എല്ലാത്തിലും നീയുണ്ട്
നിന്നെക്കുറിച്ച് പറയുമ്പോഴാണ്
അതിൽ നീയില്ലാത്തത്

# സുഹൃത്തുക്കൾ

അതുല്യ.എം.പി,    9 എഫ്

അറിവിന്റെ  ക്ഷേത്രമായ വിദ്യാലയത്തിന്റെ ഓരോ പടികളും കടന്നുപോകുമ്പോൾ മനസ്സിനെ കുത്തിനോവിച്ചതും തലോടിയതും സ്നേഹിച്ചതും കരഞ്ഞതും ചിരിച്ചതും അണയ്ക്കാൻ പറ്റാത്ത തീ പോലെ എൻ മനസ്സിൽ ആളിക്കത്തുന്നു.ഇന്നും ഞാൻ ഓർക്കുന്നു.കരയുമ്പോൾ കൂടെ കരയാനും ചിരിക്കുമ്പോൾ കൂടെ ചിരിക്കാനും എനിക്കുമുണ്ടായിരുന്ന ഒരു സൗഹൃദം.അനു,അനിക,അകല്യ,അതിഥി എന്നിവർ.ഓരോ കുസൃതികൾ ഒപ്പിച്ച് എല്ലാവരുടെയും മനസ്സിൽ മറക്കാത്ത ഒരു അനുഭൂതിയായി തീരുകയായിരുന്ന ഞങ്ങൾ.തെറ്റിപ്പിരിഞ്ഞും തല്ലുകൂടിയും ഞങ്ങൾ പിരിയുകയായിരുന്നി,ല്ല കൂടുതൽ അടുക്കുകയായിരുന്നു.ഞാൻ തെറ്റിയിരിക്കുമ്പോൾ എന്നെ ചിരിപ്പിക്കാൻ അവർ എത്തുമായിരുന്നു.ഇന്നും മറക്കാൻ പറ്റാത്ത ഓരോ വിഷമങ്ങളുംഞാൻ അന്നും അവരിൽ പങ്കിട്ടിരുന്നു.വളഞ്ഞുപോയിരുന്ന എന്റെ ജീവിതം തിരിച്ചു കൊണ്ടു വന്നത് അവരായിരുന്നു.മറക്കാൻ പറ്റാത്ത ഓരോ ഓർമ്മകളും എനിക്ക് സമ്മാനിച്ച അവരെ ഇന്നും ഞാൻ ഓർക്കുന്നു.

# അമ്മ

വിപിൻ കൃഷ്ണ.ടി.പി

എൻെറ ഉള്ളിലെ വെളിച്ചമാണ്
എൻെറ അമ്മ
എൻെറ ഉള്ളിലെ ദൈവമാണ് എൻെറ അമ്മ
സ്നേഹം പകരുന്ന വൃക്ഷമാണ് എൻെറ അമ്മ
ഇരുട്ടിൽ വെളിച്ചം പകരുന്ന വിളക്കാണ് എൻെറ അമ്മ
എൻെറ ഹൃദയത്തുടിപ്പുകൾ എൻെറ അമ്മയുടെ
താരാട്ടുപാട്ടാണ്
അമ്മയില്ലാതൊരു ജീവിതമില്ലെനിക്ക്
അമ്മയാണ് എൻെറ എല്ലാം
അമ്മയാണ് എൻെറ എല്ലാം.........

## കഥ

സന പർവിൻ. വി.വി, 9.എ

സൂര്യൻ ഉദിച്ചിരിക്കുന്നു.
പ്രകാശരശ്മി ഉച്ചിയിൽതട്ടി അർധനഗ്നമായഎന്റെ നേത്രങ്ങളിലൂടെ കടന്നു പോയി. എത്ര പെട്ടന്നാണ് കാലം കടന്ന് പോകുന്നത്. മറ്റുള്ളവരെയും തന്റെ ശരീരത്തേയും തൃപ്തിപ്പെടുത്താനുള്ള മത്സരത്തിൽ ഞാൻ വിജയിച്ചിരിക്കുന്നു. അപ്പോ എന്റെ മന സ്സോ....,പൊട്ടാച്ചങ്ങലക്കുള്ളിലെ കല്ലിനും മുള്ളിനും ഇടയിൽ അഭിപ്രായങ്ങളുംഭാവ ഭേദങ്ങളും ഇല്ലാതെ ഏകാന്തയിൽ ലയിച്ചുകിടക്കുകയാണ് ,അവൻ. എത്ര ഉണർ ത്താൻ ശ്രമിച്ചിട്ടും നിദ്ര എനിക്കവനെ വിട്ടുതരുന്നില്ല.

"ഗോപൂ..., എടാ ഗോപൂ....,എത്ര നേരായി വിളിക്കുന്നു. അധികം ചിന്തിച്ചു കൂട്ടണ്ട... ആപത്താ....."

പതിവുപോലെ അമ്മയുടെ വാക്കുകൾക്കു ചെവികൊടുക്കാതെ ഞാൻ ഉമ്മറത്തിണ്ണ യിൽ ചെന്നിരുന്നു. മുത്തശ്ശിജപിച്ചുകൊണ്ടിരിക്കുകയാണ്.

"ഒരു കാപ്പി കിട്ട്വോ... അതോ ഇന്നും അടുക്കളക്ക് അവധിയാണോ..."

"ഈ ചെക്കന് ഇന്ന് എന്തിന്റെ കിറുക്കാ"

അമ്മ വേഗം അടുക്കളയിലേക്ക് പോയി. കാപ്പിക്ക് കാത്തുനിൽക്കാതെ ഞാൻ നടക്കാനുമിറങ്ങി ചീമു പിന്നാലെയുണ്ട്. ആകെ എന്നോട് സ്നേഹമുള്ളതു അവനാ. മറ്റുള്ളവർക്ക് അവന്റെ കുരയോട് വെറുപ്പാണെങ്കിലും ഞാനതിനെ സ്നേഹിക്കുന്നു. അങ്ങാടിയിൽ നല്ല തിരക്കാണ്. അല്ലെങ്കിലും അവിടെ തിരക്കൊഴിഞ്ഞ നേരമില്ല. സമയം തട്ടിനീക്കാനുള്ള അടവുകളായി ഞാനോരുത്തരെയും സമീപിച്ചു. അതിവേ ഗം സമയം എന്നെ കാത്തുനിൽക്കാതെ മുന്നോട്ടു കുതിച്ചു. "ദൈവമേ നേരം 9:30 ആയോ. എനിക്കൊരു ഇന്റർവ്യൂ ഉള്ളതല്ലേ." സകല ദൈവങ്ങളെയും കൂടെ എന്നെ യും ശപിച്ചുകൊണ്ട് ഞാൻ വീട്ടിലേക്ക് ഓടി. വേഗംകുളീം തേവാരോം കഴിച്ചു. അ പ്പോഴാണ് ചീമുവിന്റെ കാര്യംഓർത്തത്. പിന്നെ അവൻ വന്നോളും എന്ന് തോന്നി. വേഗം സ്ററാന്റിലേക്ക് ഓടി. എത്തിയപ്പോഴേക്കും ബസ്സ് പോയിരുന്നു.ഏന്തിവലി ഞ്ഞ് ഓഫീസിലെത്തിയപ്പോഴേക്കും ഇന്റർവ്യൂ കഴിഞ്ഞിരുന്നു. തിരിച്ചു നടന്നപ്പോ ൾ മനസ്സിലാകെ ഒരു വിഷമം. രാവിലെ അമ്മയെ ദേഷ്യപ്പെടുത്തിയതിന് കിട്ടിയ ശിക്ഷ. അമ്മയെ സമീപിക്കാനുള്ള ധൈര്യം ഉണ്ടായിരുന്നില്ല. ഇന്നും ജോലി കി

ട്ടിയില്ലേ എന്ന ചോദ്യവും കുത്തുവാക്കുകളും കേട്ട് ഞാൻ ജീവിതവുമായി അങ്കത്തിലായിരുന്നു. എന്തു ചെയ്യണമെന്ന-റിയാതെ നാൽക്കവലയിലെ വിളക്കുകാലിൽ ചാരിനിൽക്കുമ്പോഴായിരുന്നു ചീമു എന്നെ തേടിയെത്തിയത്. എന്നിൽ അഭയം തേടി ജീവിക്കുന്ന ഏക ജീവി. നൂറുകണക്കിന് താളുകളാൽ പൂട്ടിയിട്ട ഹൃദയത്തിൽ ഇന്ന് അവനും സ്ഥാനമുണ്ടായിരുന്നു. എന്റെ ജീവിതത്തിലേക്ക് തിരിഞ്ഞ് നോക്കിയാൽ തോൽവികൾ എന്നിൽ മുന്നിട്ട നിൽക്കുന്നു.ഓഹരി പിൻപറ്റാനായി അങ്കത്തട്ടിൽ നിൽക്കുകയാണ് ജയം. മുന്നോട്ട നോക്കിയപ്പോൾ പാതകൾ അടഞ്ഞിരുന്നു.യമലോകത്തേക്ക് പോകാൻ നേരമായി.മടക്കിഅയച്ചില്ല.കൂടെ പോയി.ഞാനിന്ന് വെറും പ്രകാശമാണ്. എന്നെ തഴുകാതെ പോയ പ്രകാശത്തെ ഞാൻ വെറുക്കുന്നു.തീരാവേദനയുടെ മുൾമുനമ്പിൽ നിന്ന് ഞാനിന്ന് സ്വതന്ത്രനായി.എന്നിൽ നിന്ന് ഒരുപാട് സ്വപ്നങ്ങളുമായി ജീവിക്കുന്നഎന്റെ അമ്മ. ഇന്നെനിക്ക് ഒന്നുമില്ല. വിജനതയുടെ കാൽച്ചുവട്ടിൽ തീരാ വേദനയിൽ കാറ്റായി,പ്രകാശമായി,ഞാൻ പാറി നടന്നു...

# ഒരു നിമിഷം

അനുശ്രീ.പി

മുൻപ് പറന്ന കിളികൾ ചിറകുപൊഴിക്കുമ്പോൾ
തിരിഞ്ഞൊന്നു നോക്കുന്നു ഞാൻ
പിന്നിൽ വീണമർന്ന കരിയിലകൾ മാത്രം
കൊഴിഞ്ഞുപോയ സ്വപ്നങ്ങൾ മാത്രം
നൻമകൾ കെട്ടഴിക്കാൻ മറന്നപ്പോൾ
മാഞ്ഞുപോയ നിറക്കൂട്ടുകൾ മാത്രം
ഓർമ്മകളെ പ്രണയിക്കാൻ
തുടിച്ച മനസ്സൊരിക്കലും
മിഴിനീർ പൂക്കളെ
ചുംബിക്കാൻ കൊതിച്ചതില്ല.
കൗമുദിയുടെ കരങ്ങളിൽ താലോലമാടുമ്പോൾ
എരിയുന്ന അഗ്നിനക്ഷത്രങ്ങൾ കൈകോർത്തു നിന്നു.
ഉടഞ്ഞുപോയ സ്ഫടിക മകുടങ്ങളിൽ
പ്രതിബിംബങ്ങൾ ഭാവനാടകമാടുന്നു.
ചേതനയറ്റ നിമിഷങ്ങൾ നിശ്ചലമാകുന്നു
ആത്മഹർഷങ്ങൾ വിതുമ്പുന്നു ചാരെ
ഒരു വിളിപ്പാടകലെ മാത്രമായൊഴുകുന്നു
നിളാനദി,നിശ്ചലയായ്,നിർജ്ജീവമായ്
ചേലെഴുന്നൊരു മണിവീണതൻ കമ്പികൾ മീട്ടി
പാടുന്നു നിനവുകൾ ഒരു ശോകഗാനം കൂടി
ഓർമ്മതൻ മണിച്ചെപ്പിൽ പിടയും ഞരമ്പിൽ
നിന്നുതിരുന്നു നിലക്കാതെ രക്തകണങ്ങൾ
വീണ്ടുമൊരു യാത്രക്കായ്
ഉദിച്ചുയരുന്നു ആദിത്യദേവൻ
ഇനിയും ഉത്തരം കിട്ടാ ചോദ്യവുമായ്
തുടരുന്നു ഞാനമീ യാത്ര ..............

# വിദ്യാലയം

ശിവപ്രസന്നൻ .എം.കെ

നേരം പുലരുമ്പോഴേക്കും കോവിലിലെത്തീടും
ഞാൻ ഈശ്വരനു മുന്നിൽ ഭക്തിയോടിരിക്കും.
ദൈവത്തിനു മുന്നിൽ ഞാൻ വിശ്വസ്തമനസ്കൻ
ആളുകൾക്ക് മുന്നിൽ ഞാൻ ഭ്രാന്തൻമാത്രം...........

ഈശ്വരനിൽനിന്നു ഞാൻ വിദ്യാലയത്തിലേക്കും
വിദ്യാലയത്തിൽ നിന്ന് ഞാൻ കൂട്ടുകാരിലേക്കും
അദ്ധ്യാപകരിലെത്തുന്ന നിമിഷം ഞാൻ
എന്റെ മനസ്സിന്റെ വാതിലുകൾ തുറന്നിടും

അദ്ധ്യാപകരിലാണ് എന്റെ ഭാവിജീവിതം
മറ്റുള്ളവർക്ക് മുന്നിൽ ഞാൻ ഭ്രാന്തൻ മാത്രം
ഇവരാണ്  എന്റെ സ്വർഗ്ഗവാസികൾ !!!
ഞാൻ മനുഷ്യനാകുന്നത് വിദ്യാലയനിവാസികളിൽ നിന്ന്
“നമുക്ക് വിജ്ഞാനം ലഭിക്കുന്ന പാഠശാലയാണെന്റെ വിദ്യാലയം".

# അമ്മ

നീതു

ഓർക്കുമ്പോൾ  തെളിയുന്ന നൻമയാണ് അമ്മ
എൻ കുറവുകൾ കണ്ട് സ്നേഹിച്ചതെൻ അമ്മ മാത്രം
തെറ്റുകൾ ചൂണ്ടിക്കാട്ടി നേർവഴി കാട്ടിത്തന്നതും എൻ അമ്മ
അതിരില്ലാതെ അളവില്ലാതെ സ്നേഹിച്ചതും എൻ അമ്മ
കുന്നോളം തെറ്റുകൾ ഉണ്ടായിട്ടും എന്നിലെ നൻമകൾ കണ്ടെത്തിയതും എൻ അമ്മ
എനിക്കീ  ജൻമം തികയുമോ  പകരം നൽകാൻ.

# ബാക്കി പണം

നിഷാന നസ്റീൻ .ടി.

ഒരിക്കൽ ഒരിടത്ത് രാമു എന്ന പേരുള്ള ഒരുപാൽക്കാരൻഉണ്ടായിരുന്നു.അയാളുടെ വീട്ടിൽ ഒരുപാട് പശുക്കൾ ഉണ്ടായിരുന്നു.അടുത്തുള്ള വീടുകളിലും കടകളിലുംഅയാൾ പാൽ വിൽക്കാൻപോകും.  അങ്ങനെ രാമു കടയിലേക്ക് പോകുമ്പോൾകയ്യിൽ ഒരു ചെറിയ കുപ്പിയും എടുക്കും.പുഴ കടന്നിട്ടുവേണം കടയിലേക്ക് എത്താൻ .പുഴയിൽ നിന്നുംകുറച്ച് വെള്ളമെടുത്ത് കുപ്പിയിൽ നിറക്കും.എന്നിട്ട്പാലിൽ ഒഴിച്ച് കടകളിൽ കൂടുതൽ പാൽ വിൽക്കും.അപ്പോൾ ധാരാളം പണവും ലഭിക്കും.ഇതുരാമുവിന് ഒരു പതിവായിരുന്നു.ആ പുഴയുടെ അടുത്ത്ഒരുവലിയമരം ഉണ്ടായിരുന്നു.അതിൽ ഒരുപാട് കുരങ്ങൻമാർ ഉണ്ടായിരുന്നു. അവരിത് ശ്രദ്ധിക്കാൻ തുടങ്ങി.കുരങ്ങൻമാർക്ക് രാമുവിൻെറപ്രവൃത്തി ഇഷ്ടപ്പെട്ടില്ല.ഒരു ദിവസം രാമു അവൻ ശേഖരിച്ച പണവുമായി അവൻെറ വീട്ടിലേക്ക് മടങ്ങുകയായിരുന്നു.പുഴയിൽ നിന്നും കുപ്പികൾ വൃത്തിയാക്കി.ആസമയം കുരങ്ങൻമാർ രാമുവിൻെറ പണമെടുത്ത് മരക്കൊമ്പിലേക്ക്കയറി.രാമു കുപിതനായി.പക്ഷേ കുരങ്ങൻമാർ അത് കൊടുത്തില്ല.ഒടുവിൽ കുറച്ച് പണം എടുത്ത് രാമുവിന് കൊടുത്ത് ബാക്കി പണം പുഴയിലേക്കും എറിഞ്ഞു.അത്കണ്ട് രാമു കരച്ചിലായി.അപ്പോൾ കുരങ്ങൻമാർ പറഞ്ഞു.നിങ്ങളുടെ പശുക്കളിൽ നിന്നുള്ള പണം നിങ്ങൾക്കും പുഴയുടെ പണം പുഴക്കും.ഇതും പറഞ്ഞ് കുരങ്ങൻമാർ കൊമ്പിലേക്ക്ചാടിപ്പോയി. ഇത് കേട്ട് രാമു അക്ഷമനായി.

# സ്നേഹസ്പർശം

കൃഷ്ണേന്ദു. യു.കെ

മരിക്കാത്ത മനുഷ്യനില്ല മണ്ണിൽ
വാടാത്ത പൂവില്ല ഭൂമിയിൽ
അസ്തമിക്കാത്ത സൂര്യനില്ല പ്രപഞ്ചത്തിൽ.
പക്ഷെ നഷ്ടപ്പെടാത്ത ഒന്നുണ്ട്
സ്നേഹം നമ്മിൽ
കിഴക്കുദിക്കും സൂര്യനും
പൂനിലാവിൽ കുളിച്ചുണരുന്ന പുലരിയും
സിന്ദൂരമണിഞ്ഞ സന്ധ്യയും
ആർത്തുല്ലസിക്കുന്ന വാനിൽ
നീലരാവിൽ.
വെള്ളിനൂലുപോലെയുള്ള മഴയും
വാനിൽ പാറിനടക്കും മാരുതനും
കത്തിജ്വലിച്ചുനിൽക്കും സൂര്യനും
നിറമാല കോർത്ത രജനിയും
വന്നെത്തി.

# കഥ

അബ്ജ കല്യാണി.എസ് , 9 എ

അയാൾ എന്തുചെയ്യണമെന്നറിയാതെ നാൽക്കവലയിലെ വിളക്കുകാൽ ചാരി നിന്നു. ഇനി വെള്ളം കയറാൻ അധികം സ്ഥലമൊന്നും ബാക്കിയില്ല. വീട്ടിൽ അമ്മയും ഭാര്യയും രണ്ടുവയസ്സുകാരി മകളും മാത്രം. അടുത്ത വീട്ടുകാരെല്ലാം ടെറസിൽ കയറി നിൽക്കുകയാണ്. “അവർക്ക് കേറിനിൽക്കാൻ ഒരു ടെറസുപോലുമില്ലല്ലോ"അയാൾ വിഷമത്തോടെ ഓർത്തു. അവരെവിടെ പോകുമെന്ന ആശങ്കയിൽ അയാൾ മൊബൈൽ ഫോൺ എടുത്തു. ആദ്യമൊക്കെ വിളിച്ചാൽ കിട്ടിയിരുന്നു. എന്നാലിപ്പോൾ കോൾ പോകുന്നില്ല. വീട്ടിലേക്കു പോകാനുള്ള വഴി വെള്ളം കയറി തടസ്സപ്പെട്ടിരിക്കുന്നു. വീട്ടിൽ വെള്ളം കയറുംമുമ്പ് അവരെ ദുരിതാശ്വാസ പ്രവർത്തകർ വന്ന് ക്യാമ്പിലേക്ക് കൊണ്ടുപോയി.അയാൾ വേഗം തന്റെ കൂട്ടുകാരനേയും കൂട്ടി ദുരിതാശ്വാസ ക്യാമ്പിലേക്ക് പോയി. അവരെല്ലാം ഭക്ഷണം കഴിക്കുകയായിരുന്നു. ഭക്ഷണം വിളമ്പിക്കൊടുക്കുന്നയാളെ അയാൾക്ക് പരിചിതമായിരുന്നു. ഇത് മാഷല്ലേ.അയാളുടെ മനസ്സ് ശേഖരൻ മാഷേ തേടിയാണോ അലയുന്നത്. പണ്ട് അവിടുത്തെ സ്കൂളിൽ സ്ഥലംമാറ്റം കിട്ടി വന്ന അധ്യാപകനായിരുന്ന ശേഖരൻമാഷ് .തന്റെ വീടിന്റെ മുന്നിലായുള്ള പാടം ഉൗർക്കാൻ തീരുമാനിച്ചത് അയാൾ ഓർത്തു. അന്ന്മാഷ് അതിനെ എതിർത്തു.

“പാടം വലിയൊരു ജലസംഭരണിയാണ്
അത് ഉൗർത്താൽ പ്രകൃതിയുടെ നില തന്നെ തെറ്റും"

എന്നാൽ ആ വാക്കുകൾ അന്ന് ആരും വകവച്ചിരുന്നില്ല.

“നമുക്കാ പാടം ഉൗർക്കുക തന്നെ വേണം"

നാട്ടുകാർ ഒറ്റക്കെട്ടായി പാടം ഉൗർക്കാനായി നാട്ടുകാർ ഒത്തുകൂടിയപ്പോൾ ശേഖരൻ മാഷ് അതിനെ എതിർത്തു. അദ്ദേഹം കോടതിയിൽ പോവുകയാണെന്ന് പറഞ്ഞു. അന്ന് താനാണല്ലോ മാഷിനെതിരെ നാട്ടുകാരെ കൂട്ടിയത്.

“വികസനത്തിന്റെ കണ്ണിലെ കരടായ മാഷ് രാജിവക്കുക"

മാഷുടെ വീടിന്റെ മുന്നിലേക്ക് വരെ ആ പ്രതിഷേധം നീണ്ടു. എന്നാൽ പ്രകൃതിയെനശിപ്പിക്കാൻ കൂട്ടുനിൽക്കില്ലെന്ന തന്റെ നിലപാടിൽ നിന്നും ശേഖരൻ മാഷ് മാറിയിരുന്നില്ല.

“ഒരിക്കൽ പ്രകൃതി തിരിച്ച് പ്രതിഷേധിച്ചാൽ
ഇനി നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല"

“അത് താൻ നോക്കണ്ട. തന്റെ വീടൊന്നുമല്ലല്ലോ"

എന്നാൽ അവരുടെ കൂടെ നിൽക്കാതിരുന്ന ശേഖരൻ മാഷെ സ്വാധീനം ഉപയോ

ഗിച്ച് സ്ഥലം മാറ്റം വാങ്ങി മറ്റൊരു സ്കൂളിലേക്ക് പറഞ്ഞയച്ചു ആ ഗ്രാമവാസികൾ. ആ പാടം തൂർക്കപ്പെട്ടു. ഇന്ന് പ്രകൃതിയുടെ തിരിഞ്ഞുള്ള ആക്രമണം ചെറുക്കാനാകാതെ ഒരു ആശ്വാസം തേടി തന്റെ കുടുംബം വന്നെത്തിയത് അതേ ശേഖരൻ മാഷിന്റെ മുമ്പിൽ. അയാൾ മാഷെ നോക്കി. മാഷ് അയാളോട് പുഞ്ചിരിച്ചു.

"രമേശനല്ലേ"

"അതെ,മാഷെന്നോട് ക്ഷമിക്കണം"

"അതൊന്നും സാരമില്ലെടൊ ഇതൊക്കെ ഞാൻ മുൻകൂട്ടി കണ്ടതാ"

"എങ്കിലും ഞങ്ങൾ മാഷെ...."

"മനുഷ്യരായാൽ മറക്കണം, പൊറുക്കണം. ഒരു അധ്യാപകനായ എനിക്ക് കഴിഞ്ഞില്ലെങ്കിൽ പിന്നെ ആർക്കാ അതിനു കഴിയുക"

അയാളുടെ കണ്ണിൽ നിന്നും ക്ഷമാപണത്തിന്റെ കണ്ണുനീർ പൊഴിഞ്ഞു.നെഞ്ചിൽ കനൽകോരിയിട്ട പോലെ. അയാൾ ആകാശം നോക്കി. മഴ നിന്നിരുന്നില്ല....

# കയ്യൊപ്പ്

അബ്ജ കല്യാണി. എസ്

അമ്മ, മുലപ്പാലിൻെറ മാധുര്യം
കലർന്ന ആദ്യ കയ്യൊപ്പ്
അച്ഛൻ, ഒരു അരയാലായി എനിക്കു
മുകളിൽ പന്തലിച്ച സംരക്ഷണത്തിൻെറ
കയ്യൊപ്പ്
അധ്യാപിക, ആദ്യാക്ഷരങ്ങൾ
വാൽസല്യത്തിൽ
ചാലിച്ചെഴുതിയ കയ്യൊപ്പ്
കൂട്ടുകാരി, പങ്കിട്ടെടുത്ത പൊതിച്ചോറിൻെറ
സൗഹൃദം പകർന്ന കയ്യൊപ്പ്
ജീവിതം, ഇനിയും എഴുതിത്തീരാത്ത
എൻെറ വിലയേറിയ കയ്യൊപ്പ്

# കവിത

അനഘ കെ.കെ, 9 എ

ആടുന്ന പുല്ലുകൾ സൂര്യകാന്തിപ്പൂക്കൾ
പാടുന്ന കുയിലുകൾ സുന്ദരമായ്
നമ്മുടെ ജനനവും മരണവും ഭൂമിയിൽ
സുന്ദരനിമിഷങ്ങൾ ദുർബലമേ
നക്ഷത്രക്കുഞ്ഞുങ്ങൾ നമ്മെ നോക്കി
ചിരിക്കുന്നുവോ
എങ്കിലും നാമറിയാതെ ഭൂമിയെ
ശിഥിലമായ് തീർക്കുന്നു
എന്തിനീ ദുഷ്ചിന്ത ഭൂമിയെ ശിഥിലമായ്
തീർക്കുന്നതെന്തിനു
ഭൂമിക്കു നമ്മുടെ സ്നേഹവും വാത്സല്യവും
അതിലും മുകളിൽ പ്രാണനാകും
നമ്മുടെ ജീവിതം ശിഥിലമായ് തീർക്കാതെ
നമ്മുടെ ഭൂമിയെ സംരക്ഷിക്കൂ

# പഴഞ്ചൊല്ല്

ആയിഷ സന

* നിത്യഭ്യാസി ആനയെ എടുക്കും
* പട്ടി കുരച്ചാൽ പടിപ്പുര തുറക്കുമോ ?
* കുരക്കും പട്ടി കടിക്കില്ല
* മുറി വൈദ്യൻ ആളെക്കൊല്ലും
* ചക്കിക്കൊത്ത ചങ്കരൻ
* ചിരിച്ച് കൊണ്ട് കഴുത്തറക്കും
* മുളയിലറിയാം മുളങ്കരുത്ത്
* വിതച്ചതേ കൊയ്യൂ
* വാളെടുത്തവൻ വെളിച്ചപ്പാട്
* മടിയൻ മല ചുമക്കും
* അധികമായാൽ അമൃതും വിഷം
* അഴകുള്ള ചക്കക്ക് ചുളയില്ല
* പണത്തിനു മീതെ പരുന്തും പറക്കില്ല
* കള്ളനു കൂട്ട് കൊള്ളക്കാരൻ
* കടന്നൽ കൂട്ടിൽ കല്ലെറിയരുത്
* കാര്യം കാണാൻ കഴുതക്കാലും പിടിക്കണം

# എന്തൊരു ശാന്തമാണീ രാവ് എന്നിട്ടും എന്തേ ഉറക്കം വരാഞ്ഞേ...

റിൻഷിദ സി.വി, 9 എ

ഏകാന്തമായി നിറയുമെൻ ജീവിതം
എൻ മനസ്സിലെരിയുന്ന വിരഹം
കയ്പുതാനെൻ ജീവിതം
ക്ഷോഭമായ പുഴയാകുമെൻ ജീവിതം
പകലിന്റെ ദൃഷ്ടിയിൽ പെട്ട ഞാൻ-
സൂര്യന്റെ നിഴൽ പതിച്ച എന്നിൽ
കരിപുരണ്ട ജീവിതമെൻ
നിദ്രയിലേക്കാണ്ടിറക്കി
ശാന്തമായി രാവിൽ
പൊലിയുന്ന എൻ നിദ്ര
ഇനി നിറയും വെളിച്ചമെന്നിൽ-
നിറയുമീ ശാന്തി.
നിദ്രയിൽ ആണ്ടുകിടക്കുന്നവരിൽ-
രാവെന്നരത്നം
വെളിച്ചം പകരുന്ന
നിർവൃതി നൽകിടുന്നു.
ഉണർന്നു കാണു സ്വപ്നം
ഉറക്കത്തിലേക്ക് നയിക്കുമീ സ്വപ്നം
ഇനി ഞാനുറങ്ങും
ജീവിതത്തെവെല്ലി
ഇനി ഉണരാതെയുള്ള ഉറക്കം...

# പുലരി

നന്ദന .എം, 9 എഫ്

ദിനം തോറും ഞാൻ കണി -
കാണുന്ന എൻ പുലരിയെ
സിന്ദൂരം പോലൊരു പൊട്ട്
കാണുന്നു ഞാൻ പുലരിയിൽ
പൂക്കൾ ചിരിക്കുന്നതു
കാണുന്നു ഞാൻ പുലരിയിൽ
മഞ്ഞുതുള്ളി ഇലയിൽ കിടക്കുന്നത്
കാണന്നു ഞാൻ പുലരിയിൽ
വൃക്ഷങ്ങൾ ആടിയുലയുന്നത്
കാണുന്നു ഞാൻ പുലരിയിൽ
പക്ഷികൾ പാട്ടുപാടുന്നത്
കേൾപ്പൂ ഞാൻ പുലരിയിൽ
എൻ പുലരീ................
നീയില്ലാതൊരു ദിനം പോലുമില്ലല്ലോ
എൻ ജീവിതത്തിൽ.

# പറയാതെയെത്തിയ അതിഥികൾ

ദേവനന്ദ.എം.കെ, 9 എഫ്

അരവിന്ദൻ എന്തുചെയ്യണമെന്നറിയാതെ നാൽക്കവലയിലെ വിളക്കുകാലിൽ ചാരി നിൽക്കുയായിരുന്നു. ആവിളക്ക് കത്തിയും കെട്ടും കൊണ്ടിരുന്നു. മഴപ്പാറ്റകൾ മണ്ണിൽ നിന്നുമുയർന്ന് വെളിച്ചത്തിലേക്ക് അടുക്കുകയായിരുന്നു. അന്നേരം അയാളുടെ കണ്ണീർകണം പോലെ മഴയുടെ ആദ്യകണം മണ്ണിലേക്കു വീണു.

അരവിന്ദൻെറ ഒരോയൊരു മകളായിരുന്നു മീനൂട്ടി. മീനൂട്ടി അവൾ നിനക്കല്ല മണ്ണിന് പിറന്നവളാണെന്ന് എല്ലാവരും പറയാറുണ്ട്. മുറ്റത്ത് പുതിയൊരു ചെടി മുളച്ചാൽ അതെന്താണച്ഛാ എന്ന് പിന്നാലെ നടന്ന് ചോദിച്ചുകൊണ്ടിരിക്കും. എന്നാൽ അരവിന്ദന് ഇങ്ങനെ എപ്പോഴും കുട്ടി ചോദിക്കുന്നത് ഇഷ്ടമല്ലായിരുന്നു.അവൾ എന്തു ചോദിച്ചാലും "പോടി,ഇതൊന്നും പറയാൻ എനിക്ക് സമയില്ല'"എന്നാണ് പറയാറുള്ളത്.അമ്മയില്ലാത്തതിനാൽ അവളെ ഇങ്ങനെ ചീത്തവിളിക്കരുതെന്ന് വല്യമ്മ എപ്പോഴും പറയും.

"ന്റെ അരവിന്ദാ....അമ്മേല്യാത്ത കുഞ്ഞാണെന്ന ബോധോന്നില്ലേ നിനക്ക്.എപ്പൊ നോക്ക്യാലും ആ പെണ്ണിനെ ചീത്തപറഞ്ഞോണ്ട്, പാവം ന്റെ കുട്ടി. സാരല്യട്ടോ വല്യമ്മയുടെ മടീ കെടന്നോ". വല്യമ്മ വളരെ പുന്നാരിച്ചായിരുന്നു മീനൂട്ടിയെ വളർത്തിയിരുന്നത്.കാരണം വല്യമ്മയ്ക്ക് കുട്ടികളില്ലായിരുന്നു. പലരാത്രികളിലും കുടിച്ച് ലക്കും കെട്ടാണ് വീട്ടിലേക്ക് വരാറുള്ളത്.

"അച്ഛാ ഇങ്ങനെ കുടിക്കല്ലേ. ഇത് നന്നല്ല"

"ആറു വയസ്സുള്ള കുട്ടിയാണെങ്കിലും നിന്നേക്കാൾ വിവരം നിന്റെ മോൾക്കാ...'

"ആരൂന്നെ ഉപദേശിക്കണ്ടാ....ന്റെ ഭാര്യ കുഞ്ഞുലക്ഷ്മിയെ.....ന്റെ ഭാര്യ കുഞ്ഞുലക്ഷ്മിയെ കൊന്നവളാണവൾ ഇവളെ നിക്ക് കാണണ്ടാ....."

കള്ളുകുടിച്ച് സ്ഥലകാലബോധമില്ലാതെയാണ് ആ രാത്രി വല്യമ്മയോടും മീനൂട്ടിയോടും അയാൾ പെരുമാറിയത്.പിറ്റേന്ന് രാവിലെ മകളോട് ക്ഷമചോദിക്കാനായി വീടിന്റെ പിന്നാമ്പുറത്ത് ചെന്നുനോക്കുമ്പോൾ അവൾ അണ്ണാനും തത്തക്കും കാക്കയ്ക്കും...അങ്ങനെ കുറേപേർക്കായി ഭക്ഷണം കൊടുക്കുകയായിരുന്നു.

"'മീനൂട്ടീ......മീനൂട്ടീ.....അച്ഛനോട് ക്ഷമിക്കടാ....."

"ഇന്നലെ ബോധോല്ല്യണ്ടെ എന്തോ പറഞ്ഞതാ"

"അച്ഛനോട് മിണ്ടണ്ടാ. അച്ഛനോട് ഞാൻ പിണക്കാ,മിണ്ടില്ല".

"അച്ഛനോട് മിണ്ടടാ. ഇനി ഞാൻ കുടിക്കില്ല"

"സത്യമാണോ?" "ആ ന്റെ മോളാണ് സത്യം"

അങ്ങനെ അച്ഛനും മോളും തമ്മിലുള്ള പിണക്കമെല്ലാം മാറി. അയാൾ താൽക്കാലികമായി കുടി നിർത്തി. രാത്രി മീനൂട്ടിയെ ഉറക്കിയ ശേഷം വല്യമ്മ പറഞ്ഞു

"ന്തായാലും നീ കുടി നിർത്ത്യേ നന്നായിഅരവിന്ദാ.ഇപ്പൊഴാന്റെ കുട്ടി നന്നായി ചിരിക്കണത്"

"ആ ചേച്ചി എനിക്കും തോന്നുന്നു നന്നായെന്ന്....ഇപ്പഴാന്റെ മോൾടെ സ്നേഹം മനസ്സിലാവണേ"

അന്ന് പ്രഭാതം കൺതുറന്നത് മീനുട്ടിയുടെ പുഞ്ചിരിയോടെയാണ് എല്ലാ ദിവസത്തേക്കാളും അന്ന് നല്ലൊരു  ദിവസമായി അരവിന്ദന് തോന്നി. അരവിന്ദനുമായി മുറ്റത്ത്പന്ത്കളിച്ചുകൊണ്ടിരിക്കുകയായിരുന്നു മീനു.അപ്പോൾ വീടിന്റെ പിന്നാമ്പുറത്ത് നിന്ന് വല്യമ്മ വിളിച്ചു.

"മോളേ....മോളേ മീനൂ....ഇതാരാ വന്നിരിക്കണത് എന്ന് നോക്ക്യേ.നിന്റെ മാമൻ"

അയാളുടെ നോട്ടവും ചിരിയും എന്തോ പന്തികേടുള്ളതായി മീനൂട്ടിക്ക് തോന്നി. അവൾ അച്ഛനോട് പറഞ്ഞു,"അച്ഛാ, ഈ മാമൻ പൊട്ടയാ...നിക്കെന്തോ പന്ത്യേട്ള്ള പോലെ തോന്നാ”."അതൊക്കെ നിന്റെ വെറും തോന്നലാ മോളേ ആ മാമൻ ഒരു പാവമാ.നീ അച്ഛനെ വിശ്വസിക്ക്....ഇപ്പൊന്റെ മോള് പോയി  കെടന്നോ...."അവൾ ഉറങ്ങാൻ പോയി. പിറ്റേന്ന് വല്യമ്മ കരഞ്ഞ് കൊണ്ടാണ് അരവിന്ദനെ ഉണർത്തിയത്.     "അരവിന്ദാ.....അരവിന്ദാ.... ന്റെ മീനൂനെ കാണാനില്ല്യാ"

"അവൾ പിന്നിലെവിടേലും കളിക്കുന്നുണ്ടാകും.ശരിക്കും പോയി നോക്ക് മീനൂ....മോളേ മീനൂ......”

"ആ”, വല്യമ്മ നിലവിളിച്ചു.

"അയ്യോ...ന്റെ കുട്ടിക്ക് എന്താ പറ്റ്യേ...,ഇന്നലെ വരെ ഒരു കുഴപ്പവും ഇല്ലായിരുന്നല്ലോ. മുറ്റത്തെ മാവിന്റെ താഴെ അവൾ മരിച്ചു കിടക്കുന്നു, ആ മാമനേയും കാണാനില്ല”.

തലേന്ന് അയാൾ അല്പം മദ്യപിച്ചിരുന്നു.ഒപ്പം ആ മാമനുംഉണ്ടായിരുന്നു. പിറ്റേന്ന് അയാളെ കാണാനുമില്ലാ.അരവിന്ദൻ പോലീസിന് കേസ് കൊടുത്തു. ആദിനം അരവിന്ദന് മറക്കാൻ കഴിയാത്ത ദിവസമായിരുന്നു. അന്നായിരുന്നു മീനൂട്ടിയുടെ 7ാംപിറന്നാൾ.

പിറന്നാൾ ദിനമായതുകൊണ്ടായിരിക്കാം, അവളെ അന്വേഷിച്ച് മഴയും മഴപ്പാറ്റയും വന്നിരുന്നു.

# അമ്മ

അഞ്ജന .എ.പി

അമ്മിഞ്ഞപ്പാലിൻ മാധുര്യത്തോടെ
ഞാൻ ആദ്യമായി കണ്ടൊരു ദൈവം.
നേരിൻ വിളക്കായ് വാത്സല്യക്കടലായ്
എന്റെ മുന്നിൽ വന്നൊരു ദൈവം.
അച്ഛനെന്ന സത്യവും ചുറ്റുമുള്ള
കള്ളവും എന്നെ പഠിപ്പിച്ച ദൈവം.
പുഞ്ചിരിയുടെ മധുരവും കണ്ണുനീരിൻ
ചവർപ്പും സഹനമെന്ന ശക്തിയും
സ്നേഹമെന്ന സമസ്യയും,
പുഞ്ചിരിക്കും തെന്നലായ് എന്നിൽ
നിറച്ചൊരു ദൈവം

# ഒരു തറവാടിന്റെ പതനം

**അതുല്യ എം.പി., 9 എഫ്**

ഏക്കറുക്കണക്കിന് കൃഷിഭൂമികൾ,വലിയ പത്തായപ്പുരകൾ എല്ലാം കൂടിയായിരുന്ന എന്റെ അച്ഛന്റെ തറവാട്. അവരുടെ മുഖ്യ ജോലി സ്വന്തമായ കൃഷഭൂമിയിൽ കൃഷി ചെയ്ത് ജീവിക്കലായിരുന്നു.സ്വന്തമായ കുളത്തിൽ നിന്നായിരുന്ന മത്സ്യാഹാരം.ആ വശ്യത്തിന് വലവീശിപ്പിടിക്കുകയായിരുന്നു. സ്വന്തമായി കന്നുപൂട്ടിയായിരുന്ന കൃഷിചെയ്തിരുന്നത്.എക്കാലവും തറവാട്ടിൽ പണിക്കാരുണ്ടായിരുന്നു. കൊയ്ത്ത്, മെതി, വൈക്കോൽ ഉണക്കൽ, ഉരലിൽ നെല്ല് കുത്തൽ എന്നീ പരിപാടികൾ അരങ്ങേറിയിരുന്ന ഇതിൽ.ഇതിൽ രണ്ട് പേർ എന്നും പണിക്കാരുണ്ടായിരുന്നു.അങ്ങനെ ഈ തറവാട് സമൃദ്ധിയിലും സന്തോഷത്തിലുമായിരുന്നു. ഭൂപരിഷ്കരണ നിയമം വന്നതിലൂടെ പാട്ടഭൂമി കിട്ടിയ തലമുറകളാണ് ഇവർക്ക് ഇത്രയും ഭൂമി കിട്ടിയത്. ഇവർക്കിടയിൽ ജാതീയ ചിന്തകളൊന്നും ഒന്നുണ്ടായിരുന്നില്ല. എല്ലാ ജാതിക്കാരും ഒരു പോലെ അന്തിയുറങ്ങി പോയിരുന്നു. ഇവരുടെ മക്കൾ വിലപ്പിടിപ്പുള്ള വസ്തുക്കൾ വിറ്റുകളിച്ചു രസിച്ചിരുന്നു. ഈ തലമുറകളിൽ ആ തറവാടിന്റെ തകർച്ച തുടങ്ങി. മക്കൾ വരുത്തിവെച്ച ഓരോ കടങ്ങളും തീർക്കാൻ വേണ്ടി സ്വന്തം ഭൂമിയെല്ലാം വിറ്റു ദാരിദ്ര്യത്തിന്റെ നടുവിലായി. അവർക്ക് ഒരു നേരത്തെ ഭക്ഷണം പോലും കിട്ടാത്ത അവസ്ഥയായി. ഓരോരുത്തരുടേയും മരണങ്ങൾ എൻ കൺമുന്നിലൂടെ കടന്നു പോയി.

# കടങ്കഥകൾ

ഫാത്തിമ വഫ

ഞെട്ടില്ല വട്ടയില -പപ്പടം

അമ്മയെ കുത്തി മകൻ മരിച്ചു - തീപ്പെട്ടിക്കൊള്ളി

ആവശ്യക്കാർ വാങ്ങുന്നില്ല വാങ്ങുന്നവൻ ഉപയോഗിക്കുന്നില്ല -ശവപ്പെട്ടി

അക്കരെ നിൽക്കും തുഞ്ചാണി ഇക്കരെ നിൽക്കും തുഞ്ചാണി -കൺപീലി

കാള കിടക്കും കയറോടും - മത്തൻ

അടി മുള്ള്,നടു തോട്,തല പൂവ് - കൈതച്ചക്ക

അകത്തു നിന്നു നോക്കി കാണും, കാണുന്നതെല്ലാം ഉള്ളിലാക്കും -ക്യാമറ

പാലിൽ കരിമീൻ - കണ്ണ്

# ഒറ്റയ്ക്കായവരുടെ കവിത

സി.സി.കൃഷ്ണകുമാർ മാസ്റ്റർ

കടവിൽ
ഒറ്റയ്ക്കാകുമ്പോൾ
നീട്ടിവിളിയിൽ
ഒരു തുഴയടയാളം.
പാതാളത്തിൽ
അമരുമ്പോൾ
ഇരമ്പലുകളിൽ
ഒരു കാല്പാട്.
മണ്ണിൽ
സർവ്വവും അഴിയുമ്പോൾ
കിരുകിരുപ്പിൽ
ഒരു സ്വപ്നത്തുരുമ്പ്.

# വെളുത്ത കുതിരകളെയും കാത്ത്

അതുല്യ. എം. പി., 9 എഫ്

വിശാലമായ മുറിയുടെ വാതിൽക്കൽ നിൽക്കുമ്പോൾ അയാൾ തീർത്തും അവശനായിരുന്നു. കളിയും ഭക്ഷണവും ഒന്നും നേരേ ചൊവ്വേയായിരുന്നില്ല. അല്ലെങ്കിൽ എന്തിന് ഭക്ഷണം?

വിശപ്പ് മാറാൻ വേണ്ടിമാത്രം എന്തെങ്കിലും കാന്റീനിൽനിന്ന് വാങ്ങിക്കഴിക്കും. മകളുടെ ബെഡ്ഡിനടിയിൽ ഒരു പുതപ്പ് വിരിച്ച് ചുരുണ്ടുകൂടും. എത്രനാൾ? കുറച്ചു നാളുകളായി അയാൾ ചിന്തയെ നിയന്ത്രിക്കാൻ പാടുപെട്ട് കൊണ്ടിരുന്ന എന്നാണവൾ വന്നത്?

ഡിസംബറിലെ മഞ്ഞുപൊഴിയുന്ന ഒരു പ്രഭാതത്തിലാണ് ഡോക്ടറുടെ ലിസ്റ്റുമായി ആ വലിയ ഹോസ്പിറ്റലിൽ എത്തുന്നത്. വെളുത്ത വസ്ത്രങ്ങളണിഞ്ഞ മാലാഖമാർ തലങ്ങും വിലങ്ങും നടക്കുന്ന വലിയ ആശുപത്രി. ഡോക്ടർമാരുടെ മുന്നിൽ നിന്നു.ഉച്ചക്ക് ചോറ്റുപാത്രത്തിൽ ഭക്ഷണവുമായി ഭാര്യ വന്നു വിളിക്കും. വിളറിയ മുഖത്ത് അമ്പരപ്പോടെ അവർ ചോദിക്കും.

"എന്തെങ്കിലും  പറഞ്ഞോ?"

"ഇല്ല"

അയാൾക്ക് ഒന്നും പറയാനില്ലായിരുന്നു. അയാളും ഭാര്യയും ചേർന്ന് മകളെ താങ്ങിയിരുത്തി. കഞ്ഞികൊടുത്തു.വീണ്ടും ബെഡ്ഡിൽ കിടത്തി. ചെറുതായി വിയർത്ത നെറ്റിയിൽ തലമുടിയിഴകൾ പറ്റിപ്പിടിച്ചു കിടന്നു. എണ്ണമയമില്ലാത്ത തലമുടി. അയാൾ ചോദിച്ചു.

"മോൾക്കിനി എന്താ വേണ്ടത്"

അതു കേട്ടതോടെ അവളുടെ കണ്ണുകൾ വിടർന്നു. മുഖം പ്രകാശമാനമായി. അവൾ പറഞ്ഞു

"എനിക്ക് പുഴ കാണണം

ഓ എന്റെ ജമന്തിപ്പൂക്കൾ..."

പിന്നെ ഏതോ ഓർത്തിട്ടെന്നപോലെ അവളുടെ കണ്ണുകൾ നിറയാൻ തുടങ്ങി. പെട്ടന്നാണ് മുറിയിൽ ഒരു വെളുത്ത മാലാഖ കടന്നുവന്നത്. സ്വല്പം കാർക്കശ്യത്തോടെത്തന്നെ അവർ പറയാൻ തുടങ്ങി.

"കുട്ടിയോട് ആവശ്യമില്ലാത്തതൊന്നും ചോദിക്കരുതെന്ന് പറഞ്ഞിട്ടില്ലേ? നിങ്ങൾ പുറത്ത് നിൽക്കൂ. ഇപ്പോ ഇനി ആരും വേണ്ട".

"കഞ്ഞി കൊടുത്തുവല്ലോ? “
വീണ്ടും മുറിയിൽ മൗനം നിറഞ്ഞു. ജമന്തിപ്പൂക്കളെപ്പറ്റി അവൾ സിസ്റ്റർമാരോടും പറഞ്ഞിട്ടുള്ളതായി അവൾ പല തവണ പറഞ്ഞിട്ടുണ്ട്. ജമന്തിപ്പൂക്കൾ, പിന്നെ പുഴ. അവളുടെ വീടിന്റെ താഴ്വാരത്ത് പുഴയായിരുന്നു. അവരോട് കുശലം പറഞ്ഞൊഴുകുന്ന പുഴ. അവരുടെ ജീവിതത്തിന് സാക്ഷിയായ പുഴ.ജമന്തിപ്പൂക്കൾ അവൾ മുറ്റംനിറയെ നട്ടുവളർത്തിയിരുന്നു. അവയ്ക്കിടയിൽ ഒളിച്ചു കളിച്ചും നടന്നിരുന്നു.

അകത്ത് മൗനം മുറിയുന്നതും കാത്ത് അവർ രണ്ടുപേരും പുറത്ത് നിന്നു. മൗനം അസഹനീയമായപ്പോൾ അവർ പറഞ്ഞു.

"വൈകീട്ട് ഡോക്ടർ വരുമല്ലോ എന്തെങ്കിലും ചോദിക്കണം"
പുറത്ത് വരാന്തയിലിട്ട ബഞ്ചിൽ അവർ രണ്ടുപേരും ഇരുന്നു. താഴെ കാഷ്വാലിറ്റിക്കു മുന്നിൽ മുരണ്ടുകൊണ്ടു നിൽക്കുന്ന ആംബുലൻസുകൾ. അവക്കുള്ളിൽ നിന്നു കേൾക്കുന്ന ഒറ്റപ്പെട്ട തേങ്ങലുകൾ...

പരിവാരങ്ങളുമായി ധൃതിയിൽ നടന്നു പോകുന്ന ഡോക്ടർമാർ. അയാൾ ഓർക്കുകയായിരുന്നു. എന്നാണ് അവസാനമായി വിനോദയാത്ര പോയത്? ആദ്യം ഒരവധിക്കാലത്തായിരുന്നു എന്നാണോർമ്മ. ഹൈദരാബാദിലെ ഒരു മ്യൂസിയം, ആർട്ട് ഗ്യാലറി. വിശ്വോത്തര ചിത്രകാരൻമാരുടെ വിവിധതരം പെയിന്റിംഗുകൾ.അതിൽ ഒരു ചിത്രം അവൾക്ക് വളരെ ഇഷ്ടപ്പെട്ടു. വെള്ളത്തിലൂടെ നടന്നു വരുന്ന രണ്ടു വെളുത്ത കുതിരകൾ. വെള്ളം തട്ടിത്തെറിപ്പിച്ച് ഊർജ്ജസ്വലതയോടെ വരുന്ന അവയെ അവൾക്കു വളരെ ഇഷ്ടപ്പെട്ടിരിക്കണം.പിന്നീട് പുറത്തു വന്നപ്പോൾ അവൾ പറഞ്ഞു,

" അച്ഛാ.....ഈ വെളുത്ത കുതിരകളെ എവിടെയാ കാണാൻ കഴിയുക? എനിക്കു കാണണം. എവിടെയാണെങ്കിലും പോയി കാണണം".

കുറേയന്വേഷിച്ചു.വെളുത്ത കുതിരകൾ എവിടെയാണുണ്ടാവുക? ഒടുവിൽ കാശ്മീർ താഴ്വരയിൽ ജോലി ചെയ്യുന്ന ഒരു സൈനികൻ വെളുത്ത കുതിരകളെ ആ താഴ്വരയിൽ കണ്ടിട്ടുണ്ട് എന്ന് ഒരു സുഹൃത്ത് പറഞ്ഞതനുസരിച്ച് പോകാൻ തീരുമാനിച്ചതാണ്. പക്ഷെ, അന്യദേശക്കാർക്ക് അവിടെ എത്തിച്ചേരാൻ ബുദ്ധിമുട്ടാണ്. സൈന്യം കാവൽ നിൽക്കുന്ന പ്രദേശമായതുകൊണ്ട് സാധാരണ ജനങ്ങൾക്ക് എത്തിച്ചേരാൻ ബുദ്ധിമുട്ടാണെന്നറിഞ്ഞു.വെളുത്ത കുതിരകളെ പിന്നെ എവിടെ കാണാം? ആ ആഗ്രഹം മാത്രം ബാക്കിയായി.
വളരെ വൈകിയാണ് ഡോക്ടർ എത്തിയത്. പുറത്തു കടക്കുമ്പോൾ അയാൾ ചോദിച്ചു, "സാർ എന്തെങ്കിലും മാറ്റം?"

"ഒന്നും പറയാറായിട്ടില്ല. അസുഖം എന്താണെന്ന് നിങ്ങൾക്കറിയാമല്ലോ ഇത്തരം പേഷ്യൻറ്സിനെ ഇവിടെ അഡ്മിറ്റ് ചെയ്യാറില്ല. പിന്നെ നിങ്ങളുടെ നിർബന്ധം കൊണ്ട്...."
ഡോക്ടർ ധൃതിയിൽ നടന്നു പോയി. ശൂന്യമായ മനസ്സും ഹൃദയവും പേറി അവർ

വരാന്തയിലെ ബഞ്ചിലിരുന്നു. അറ്റു പോകുന്ന ബന്ധത്തിന്റെ തീക്കനൽ നെഞ്ചിൽ എരിയാൻ തുടങ്ങി. പുലരാൻ നേരത്ത് സെക്യൂരിറ്റിക്കാരന്റെ തട്ടി വിളി. അവർ എണീറ്റ് താഴേക്കു നടന്നു.
അന്ന് വൈകുന്നേരം വെളുത്ത തുണിയിൽ പൊതിഞ്ഞ് അവളെ കൊണ്ടുവന്നു. വെളുത്ത തുണിക്കളിൽ അവൾ നിത്യമായി ഉറങ്ങി. അവർ രണ്ടു പേരും അവളെ അനുഗമിച്ചു. പിന്നീട് തെങ്ങിൻ തോപ്പിൽ തീ ആളിയപ്പോൾ അടക്കിയ തേങ്ങലുകൾ ഉയർന്നു. ആ ഭീകര അന്തരീക്ഷത്തിന്റെ വിഹ്വലതയിൽ പൈശാചികമായ മുഖഭാവത്തോടെ ഭാര്യയുടെ കൈകൾ മുറുകെപ്പിടിച്ച് അയാൾ ചോദിച്ചു: "ഞാൻ എവിടെയാണ് ആശ്വാസം കണ്ടെത്തേണ്ടത്? ജൻമാന്തരങ്ങളുടെ ശാപങ്ങളിലോ, അതോ ഭൗതികമായ ഈ ലോകത്തിന്റെ പരിമിതികളിലോ? എവിടയാണ്? അവർക്കൊന്നും പറയാനില്ലായിരുന്നു. അടുക്കും ചിട്ടയുമില്ലാതെ ദിവസങ്ങളും മാസങ്ങളും കടന്നു പോയി. ഒരു കൊച്ചു കുട്ടിയുടെ കൈയിലെ കടലാസു പമ്പരം പോലെ നെഞ്ചിലെ ഭാരം ഇറക്കി വെയ്ക്കാനുള്ള ബദ്ധപ്പാടിൽ അയാൾ പുഴയോരത്തിരുന്ന് പുഴയോടു സംസാരിച്ചു. മുറ്റം നിറയെ ജമന്തിപ്പൂക്കൾ നട്ടുവളർത്തി.എന്നിട്ടും കുളിർക്കാറ്റുംനിലാവും പുഴയും ഈ ഭൂമിതന്നെയും അയാൾക്ക് അന്യമായതുപോലെ തോന്നി.
അയാൾ വെളുത്ത കുതിരകളേയും തേടിയാത്ര തുടങ്ങി. അവയെ കാണുമ്പോൾ തനിക്ക് ആശ്വാസം ലഭിക്കുമെന്ന് അയാൾ വിശ്വസിച്ചു. ഗ്രാമങ്ങൾ തോറും നടന്ന് അവസാനം മഹാനഗരങ്ങളിലെത്തി.അവിടെയും അയാൾക്ക് വെളുത്ത കുതിരകളെ കണ്ടെത്താനായില്ല. ഒടുവിൽ നിരാശനായി പിൻവാങ്ങി വീട്ടിൽ എത്തി. ആ ദിവസം ഉറങ്ങാൻ കിടന്ന രാത്രിയിൽ ഉറക്കത്തിൽ മഹാത്ഭുതം പോലെ ആ കാഴ്ച്ച അയാൾ കണ്ടു. വെള്ളം തട്ടിത്തെറപ്പിച്ച് പാഞ്ഞു വരുന്ന രണ്ടു കുറ്റൻ കുതിരകൾ! അവയിൽ ഒന്നിന്റെ പുറത്തിരുന്ന് ആഹ്ലാദത്തോടെ രണ്ടു കൈയ്യും ഉയർത്തി അവൾ ചിരിക്കുന്നു.! അവൾ പറയാൻ തുടങ്ങി.

"അച്ഛാ, അച്ഛൻ എനിക്ക് വെള്ളക്കുതിരകളെ കാണിച്ചുതരാം എന്നു പറഞ്ഞു. ഇപ്പോൾ അച്ഛൻ സുഖമായി ഉറങ്ങിക്കോളൂ... സുഖമായി..."
അപ്പോൾ അയാൾ അവളുടെ തിളങ്ങുന്ന കണ്ണുകളിലേയ്ക്ക് സൂക്ഷിച്ചു നോക്കി. ആ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു.

# ഏകാന്തത

അനാമിക.കെ.പി. 9 ബി

ജീവിതമൊരു മരമായിരുന്നെങ്കിൽ അതിലെ കരിയിലകളായേനെ ഞങ്ങൾ. മറ്റുള്ള വർക്ക് ഭാരമായ് പറക്കാൻ വയ്യാതെ, വീടിൻെറ മൂലയിൽ ഒറ്റപ്പെട്ടു കിടന്നേനെ. അമ്പലമുറ്റത്തും റോഡിനറ്റത്തും ആരുമറിയാതെ ഞങ്ങൾ മാഞ്ഞുപോയേനെ. യൗവനത്തിൽ ഞങ്ങൾ കാവൽക്കാരെങ്കിൽ, ഈ നാളുകളിൽ ഞങ്ങൾ ഭിക്ഷക്കാർ മാത്രം. മറക്കില്ലൊരിക്കലും നിങ്ങൾ പകർന്നുതന്ന നിറം ചാലിച്ച ഓർമകളുടെ ചവർപ്പും മാധുര്യവും. വെറുക്കില്ല നിങ്ങളെ. ഓർക്കുന്നില്ലേ മക്കളെ കാക്കയ്ക്കും തൻ കുഞ്ഞ് പൊൻകുഞ്ഞ്.

# ഇരുട്ടിന്റെ അലർച്ച

അതുല്യ.എം.പി.

ഞങ്ങൾ ഒരു യാത്ര പോവാൻ തീരുമാനിച്ചു. അന്ന് തിങ്കളാഴ്ച്ചയായിരുന്നു. സൈലന്റ് വാലിയിലേക്കായിരുന്നു. ഞാൻ ബസിൽ കയറി, അവിടേക്ക് പോകുമ്പോഴേക്കും രാത്രിയായിരുന്നു. ഞാൻ കണ്ണുതുറന്നപ്പോൾ സ്ഥലത്തെത്തിയിരുന്നു. ഒരു പോലിസുകാരൻ ഞങ്ങളോട് പറഞ്ഞു. ഉൾക്കാട്ടിലേക്ക് പോകരുത് .അവിടെ ഒരു ബോർഡ് ഉണ്ട് അത് വരെ മാത്രം.ഞങ്ങൾ നടക്കാൻ തുടങ്ങി. ഞാൻ മുന്നിൽ നടന്നു. അവരെല്ലാം നല്ല പിറകിലായിരുന്നു. ഞാൻ അവിടെത്തെ ജിവികളെയെല്ലാം നോക്കി വരുമ്പോൾ അവരെ ഒന്ന് മിന്നായം പോലെ നോക്കി അവരെ കാണാനില്ലായിരുന്നു. ഞാൻ ഒന്ന് എത്തിച്ചുനോക്കി അപ്പോളും അവരെ കണ്ടില്ല. അപ്പോൾ ഞാൻ കുറച്ചു നേരം അവിടെ നിന്നു. അവരെ കാണാനില്ലായിരുന്നു. പെട്ടെന്നെന്നെ അവിടെത്തെ പഴങ്ങളും പൂക്കളും വളരെയധികം ആകർഷിച്ചു. അതിന്റെ ഭംഗിയാൽ ഞാൻ മെല്ലെ മെല്ലെ നടക്കാൻ തുടങ്ങി.
പെട്ടെന്ന് ഒരു ഭീകരമായ അലർച്ച. എനിക്ക് അത് ഭയാനകമായി തോന്നി. ഞാൻ ഉൾക്കാട്ടിലേക്ക് ഓടി. ആ ബോർഡെല്ലാം കടന്നുപോയി. ഞാൻ അത് ശ്രദ്ധിച്ചില്ല. ഒരു പരിധിവരെ എത്തിയപ്പോൾ ഞാൻ ഞെട്ടി,വലിയൊരു അലർച്ച ശബ്ദം. ഞാൻ ഒരു നിമിഷം നിന്നു. ചുറ്റും ഇരുട്ട് പല ശബ്ദങ്ങൾ പെട്ടെന്ന് എൻെറ മുൻപിലേക്ക് മദം പൊട്ടി ഒരാന വരുന്നു. എൻെറ മുമ്പിൽ എത്താറായി. അടുത്തെത്തിയപ്പോഴേക്കും ഞാൻ മയങ്ങി പെട്ടെന്ന് ഞാൻ ഞെട്ടി ഉണർന്നു.അപ്പോഴാണ് മനസ്സിലായത് അത് ഒരു സ്വപ്നമായിരുന്നു.

# SONGS IN MALAYALAM MOVIES

Manu.S.,HSA English

Film songs have been part of malayalee aesthetics for the past 70 years.They could provide concrete vision to the emotional phases of keralaites.We contin ue to appreciate and enjoy the changing tone of music in movies. Still, we foll ow a pre meditated pattern in the analysis of songs. The fabric and essence of music have changed over the course of time. I doubt whether we have renovated ourselves to assimilate new trends.

In the initial stages, Malayalam music tried to copy the tunes of successful songs in Bollywood. There were a few attempts at providing classical tone to movie songs.It was “Neelakkuyil”,which proved that we can have a music of our own.P Bhaskaran and Raghavan mash lead us to the world of music, with the taste of our soul and soil. The rustic tone and soothing lyrics started to march ahead. Later, Vayalar Ramavarma teamed up with G Devarajan to start the so called golden era of Malayalam songs.The duo ,for the first time, gave a refined, elite status to songs in movies. A parallel movement already started in drama songs. Lyrics of Vayalar and ONV Kurup added poetic charm to movie songs. 1960s and 70s popularly known as the golden era of Malayalam music for the wide spread acceptance and the reflection of prevailing socio-economic conditions.

# CHILD LABOUR

Anjana.p

Hopeful eyes happy smiles
soft hands million dreams
is this not the identity of a child
then why do i see
tear filled eyes terrified faces
rough bands and shattered dreams

deprived of their childhood
overloaded with work
burdened with responsibility
at such a young age

so much to learn
so much to accomplish
but not given enough time
fight for a cause
raise your voice
stop child labour

# ACCIDENTS ON ROADS

Aboobakkar P.

''Speed thrills but kills '' We see there posters on road sides and public place s. Everybody knows over speed is dangerous but not bother while driving. So the posters are remain posters.That is the fact. In our country,here occurs hu- ndred of accidents. The main reason for this is that most of the drivers are not obey the traffic rules,over speed competition, careless driving, disobey the tr- affic rules, poor condition of the roads, drive by the drunkards, use of mobilep hone while drive, timely maintenance of the vehicle etc... are the some other reasons. If we examine the reason for the accident, any one comes the reas on for the accident, any one comes mentioned above.

In Kerala we are proud with Gods Own Country is now a land of accident. When compared to the other states of India. We are comes first place in road accidents. The death columns in our news papers are filled with accidents. In our states the number of vehicles are increasing not the roads. And the cond- ition of the roads are very poor. The roads in our states not supportive with our climate.

As an individual we have to do something. The carelessness of one may cause accidents affect many directly or indirectly. This is not good. We have to find remedial measures. Many of them die not their own mistakes. An accident death cause not only the individual but lives of many, who are dependence of others also.

Our Motor Vehicle department put forward certain measures to avoid these accidents. A penalty and punishment induced to those who drives with out obey the traffic rules. Parents should be careful to restrict their children w ho are not age enough to drive motor vehicles. Awareness programme should be conducted and practise. Above all these remedial measures each individ- ual should be aware that “ Life is precious, don't destroy it”.

# The way of Love

Ameen Aslam. P.H

When we start a love
we can say
The way of faith, innocence
Honest and other good
Values will open to us

When we reach in the
beautiful world of love
we can see the door
of happiness,and it will
smile to us.

If we continue the journey
we can see the precious
part of love, the
happy life, the greatest one
the life with our love companion.
Wow! The beautiful way of love...

# My Unforgettable Memories..

Adwaith.M.K.

Its my Mom , as usual
gave birth for me.
I saw the world for the first
time coming wailing.

First I saw a white dressed lady
Thought I that a fairy
But it was only a nurse
I realized when I was in first.

In the age of six
I hit a six to my parents
I reached down to the sand
From the first floor of heaven.
Mom was scared and
ran to doctor; he said
I'm a superman

Yes I'm a superman
If only a man.
Then I reached in the time of study
when I was arrived in a  cave of teddy

This cave is the school
And teddies the teachers
They gave me food of knowledge
I gave them the edited passage

When Dhoni  was playing dot ball
I was playing football
for my dislike to football, I was
punished by a fractured hand.

When I said I want to play
No No said my day
But I said yes and went to play
only in my village.

Run don't be sad in down
keep our mind to get through the sad
If we win the sad
The world will see us and glad.

# Sweet malayalam

A.K.Ravindran

Raziya teacher told me to write something for our “Little kite magazine” whether it is a short essay or a bit article but it should be in English.

I have agreed and begun to write topic I should be written. I've thought again and again I've spend much time and afraid to, what I have to say her the next day. At last a spark flashes from my inn.It is the rhythm of my heart.The expression of my emotions and my feelings and my culture. It is a deep love towards my soil, my heritage, my dream, my despiration and my sorrows everything will be shared through this tool, no doubt it is our sweet mother tongue. “the great Malayalam”.

It's proper use creates in us an unbreakable unity irrespective of colour, caste,creed, religion and financial status. This unity we have seen at the flood time. We proud of as we are malayalees. We keep a pure friend ship and a hearty fraternalship but now use of inappropriate words and sentences creates social anarchy. So my request to my children that use amicable words and sentences which up left our all good qualities .We think before what we talk to other our words not to be wounded others. Without wounding we can respond against all evils .Mahathma's way of struggle for our independence is clear evidence of the same .His non-coperation,non-violence and sathyagraha lead to our freedom from the clutches of sun setting country .So we speak amicable lovely mother tongue to our fellow being .

# Mystery of shadow

Nishana Nasrin .P

My shadow is very beautiful
when I go any where
my shadow follows me
when I do any thing
my shadow likes that
when I play with my friends
my shadow also plays
I will play with my shadow
when I am bored
I play with my shadow by
doing any action by hand
my shadow is very beautiful
my shadow is mysterious

# PRECIOUS SIGNATURE

Abja Kalyani. S, 9 A

Last plate has been cleaned
Kitchen has slipped
Into dreams
Through the narrow
Opening of window,fingers of
Shining light of memories
Touched her
Some signature in the
Path of life

Mother, the signature of
Sweetness of breastmilk
Which engraved in heart
Father, the signature of
Protection like a
Banian tree to birds
Teacher, the signature
Of first letters of knowledge
Filled with love

Friend, the signature of
Sharing letters and
Memories
Life,the precious
Signature to be
Completed by the
Stream of time

# SIGNATURE OF A BROKEN HEART

Sana Parveen.V.V.

In the land of lonliness
I remember the days with them
In the lazy evenings
I share my love with them
But the fear show me the way
That's true......
I am a bit of paper
That you throw away
Happily leading my life
In the sweet heaven.
But now I'm waiting
To write my presence
I came as the rain
Like the thunder and lightning
I love to come as rain
Because when I cry
nobody will see that
In the heaven, I'm alone
I'm a nightingale who even
can't able to sign
That I fulfil my dreams
When I look at the mirror
Just I'm ash
I'm not alone
Pigeons take me, with my
Emotions
want to see me
Just came to the huge mountain
And look around
By the hands of nature
I'm with you lovingly
Can't forget even just
You a wind
I'm illiterate that I
won't finish my dreams
just listen to the wind
I'm crying, in the field of heaven
Not hot, horrible and terrible
Just the signature
Of a broken heart

# कितनी निराली है ?


बेबी सुधा.सी

जिसनॆ ही है मुझॆ पय किया
जिसने ही है मुझे जनम
जिसने ही है मेरा नाम कहकर जगाती
वह ही है मेरी मा !!!

जिसके कारण मैं सकूल जा पाता
जिसने ही सकूल सॆ आते ही खुहा होता
जिसने ही है मुझे भोजन खिलाती
बह है मेरी पयारी मा !!!


मेरी मा मेरा जान
मेरी मा मेरा पयार
मेरी मा मेरा धयान
मेरी मा मेरी जिनदगी !!!


मेरी मा मेरी पहली शिषक
मेरी मा मेरी पहली सहेली
मेरी मा कितनी निराली
वही है मुझे जिनदगी देनेवाली !!!


Jumana






Anjana.P
X th – B


ANAGHA.K.P
IXD